VOL NO: 05 | ISSUE 47
www.nerpatham.com
mail@nerpatham.com
2021 NOVEMBER 27 | ₹12

# നേർപഥം

വാരിക



# പരിണാമവാദവും യുക്തിവാദികളും

ശാസ്ത്ര വിഷയങ്ങളിൽ ജീവശാസ്ത്രത്തിന്റെ ഭാഗമായും മാനവിക വിഷയങ്ങളിൽ ചരിത്രത്തിന്റെ ഭാഗമായും പഠിപ്പിക്കപ്പെടുന്ന പരിണാമവാദം ഒരു ശാസ്ത്ര സിദ്ധാന്തമല്ലെന്നതും വെറും നിഗമനം മാത്രമാണെന്നതും ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എന്നാൽ തങ്ങളുടെ ആദർശത്തിന് അസ്തിവാരമിട്ട പരിണാമവാദം തന്നെയാണ് ഇപ്പോഴും യുക്തിവാദികളുടെ പ്രധാന ആയുധമെന്നത് സഹതാപമർഹിക്കുന്ന കാര്യമാണ്.

- **കർഷകസമരം നൽകുന്ന പാഠങ്ങൾ**

- **അല്ലാഹുവിന്റെ ഇടപെടൽ**
- **മതവിരോധം മൂക്കുമ്പോൾ**
- **പ്രവാചക ചര്യകളും മുസ്‌ലിംകളും**

WISDOM ISLAMIC ORGANIZATION

# Relief

.......without boundaries

**SCAN AND PAY**
Using any UPI/ Bharat QR/ Banking Apps

BHIM UPI | VISA | RuPay

WISDOM

Pay using 90+ Apps including

AXIS PAY | G Pay | PhonePe | freecharge | ICICI Bank | SAMSUNG pay | HDFC BANK | and more...

Powered by AXIS BANK

# സ്നേഹസ്പർശം

## പ്രളയ ദുരിതാശ്വാസ നിധി



വീട് ശുചീകരണം | കിണർ ശുചീകരണം | സൗജന്യ വസ്ത്രാലയം | സൗജന്യ ഇലക്ട്രോണിക് വർക്ക് ഷോപ്പ്

വീട്ടുകളുടെ അറ്റകുറ്റ പണി | വീട്ടുപകരണ വിതരണം | വീട് നിർമാണം | സ്റ്റഡി മെറ്റീരിയൽ വിതരണം

താങ്കളുടെ വിഹിതം താഴെ കാണുന്ന എക്കൗണ്ട് നമ്പറിൽ അയക്കുകയും വിവരം താഴെ നമ്പറിൽ അറിയിക്കുകയും ചെയ്യുമല്ലോ?

Wisdom Islamic Organization
Account No: 920010022468211
Axis Bank, Branch: KALLAI ROAD
IFSC UTIB0001908

0253

# നേർപഥം
വാരിക

2021 നവംബർ 27

1442 റബിഉൽ ആഖിർ 22

പുസ്തകം 05 / ലക്കം 47

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Managing Editor: Nasir Balusseri
Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





10
**പരിണാമവാദവും യുക്തിവാദികളും**
ടി.പി അബ്ദുൽ ഗഫൂർ, വെള്ളിയഞ്ചേരി

05
**മുഖമൊഴി**
കർഷകസമരം നൽകുന്ന പാഠങ്ങൾ
എഡിറ്റർ

07
**ലേഖനം**
മതവിരോധം മൂക്കുമ്പോൾ
ശാഹുൽ പാലക്കാട്

17
**ആരോഗ്യപഥം**
വൃക്കയിലെ കല്ലുകൾ
മുസാഫിർ

18
**ലേഖനം**
പ്രവാചക ചര്യകളും മുസ്‌ലിംകളും
ദുൽക്കർഷാൻ അലനല്ലൂർ

23
**വിവർത്തനം**
ആരാധനകൾക്ക് ഒരാമുഖം
ശമീർ മദീനി

24
**ക്വുർആൻ ദർശനം**
അത്ത്വൂർ
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

26
**ചരിത്രപഥം**
അല്ലാഹുവിന്റെ ഇടപെടൽ
ഹുസൈൻ സലഫി, ഷാർജ

31
**ലേഖനം**
തളരാതിരിക്കാൻ!
അബൂ തൻവീൽ

34
**കവിത**
മർമം
സുലൈമാൻ പെരുമുക്ക്




ചലനങ്ങൾ

# സാമുദായിക സൗഹാർദ്ദം തകർക്കുന്നവർക്കെതിരെ നടപടി വേണം: വിസ്ഡം യൂത്ത്

കോഴിക്കോട്: സാമുദായിക സൗഹൃദം തകർത്ത് വെറുപ്പ് വിതക്കാൻ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'ലീഡ്സ്' സംസ്ഥാന നേതൃസംഗമം ആവശ്യപ്പെട്ടു.

ഭക്ഷണത്തിൽ പോലും വർഗീയതയുടെ വിഷം കലർത്താൻ നിഗൂഢമായ ശ്രമം നടക്കുന്നതിന്റെ ഭാഗമാണ് ഹലാൽ വിവാദം.

അന്ധവിശ്വാസങ്ങളുടെ പരിണിതിയായി ഭക്ഷണത്തിൽ ഊതുന്ന ചിത്രങ്ങൾക്ക് കൂടുതൽ പ്രചാരണം നൽകി വെറുപ്പിനൊപ്പം സാമുദായിക അറപ്പും വളർത്താനുള്ള ഗൂഢശ്രമമാണ് നടക്കുന്നത്.

ഇത്തരം സാമുദായിക ധ്രുവീകരണത്തിനെതിരെ സമൂഹം ഉൽബുദ്ധരാകണം. കുറ്റവാളികളെ സമൂഹത്തിന് മുന്നിൽ കൊണ്ടുവരാനും മാതൃകാപരമായി ശിക്ഷിക്കാനും അധികാരികൾ തയ്യാറാകണമെന്നും ലീഡ്സ് സംഗമം ആവശ്യപ്പെട്ടു.

വെറുപ്പിനെതിരെ സൗഹൃദ കേരളം എന്ന പ്രമേയത്തിലെ സന്ദേശ പ്രചാരണ ഭാഗമായി സംഘടിപ്പിച്ച വിസ്ഡം യൂത്ത് 'ലീഡ്സ്' നേതൃസംഗമം കേരളാ തുറമുഖ വകുപ്പ് മന്ത്രി അഹ്മദ് ദേവർ കോവിൽ ഉൽഘാടനം ചെയ്തു.വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ഹാരിസ് മദനി കായക്കൊടി അധ്യക്ഷത വഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ.സജ്ജാദ്, സി.പി സലീം, അബൂബക്കർ സലഫി, വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ യു മുഹമ്മദ് മദനി, ഡോ.ഫസലുറഹ്മാൻ, കെ അബ്ദുല്ലാ ഫാസിൽ, ഡോ.പി.പി നസീഫ്, മുജീബ് ഒട്ടുമ്മൽ നേതൃത്വം നൽകി. ഇഖ്ബാൽ കൽപറ്റ, അൻവർ കലൂർ, റഷീദ് പാലത്ത്, ത്വാഹാ അബ്ദുൽ ബാരി പാലാംകോണം, ശബീർ കണ്ണൂർ, ഡോ.അബ്ദുൽ ഖാദർ, മുസ്തഫ മദനി, സഹൽ സലഫി കൊല്ലം, നിഷാദ് ഇടുക്കി, അബ്ദുൽ വഹാബ് നിലമ്പൂർ, അബ്ദുൽ ഗഫൂർ എടപ്പാൾ, സമീർ ആലപ്പുഴ പ്രസംഗിച്ചു.

നീറ്റ് പ്രവേശനം; മെല്ലെപ്പോക്ക് അവസാനിപ്പിക്കണം; സ്റ്റുഡന്റ്‌സ് മെഡിക്കൽ സമ്മേളനം

## വിസ്ഡം സ്റ്റുഡന്റ്സ് മെഡിക്കൽ വിദ്യാർഥി സമ്മേളനം പ്രൗഢമായി സമാപിച്ചു

കോഴിക്കോട്: നീറ്റ് മെഡിക്കൽ പ്രവേശനത്തിന്റെ അലോട്മെന്റ് അടക്കമുള്ള നടപടിക്രമങ്ങൾ അനാവശ്യമായി വൈകുന്നത് കനത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് വിസ്ഡം സ്റ്റുഡന്റ്‌സ് സംസ്ഥാന സമിതി സംഘടിപ്പിച്ച 12ാമത് 'ഇല്ലൂമിന' ദ്വിദിന മെഡിക്കൽ വിദ്യാർഥി സമ്മേളനം ആവശ്യപ്പെട്ടു. കോവിഡ്മൂലം പതിവിലും ഒരുപാട് വൈകിയാണ് പരീക്ഷ നടന്നത് എന്നത് കൊണ്ടു തന്നെ, ഇനിയും അനാവശ്യമായ ഈ മെല്ലെപ്പോക്ക് അനുവദിച്ചുകൂടാ എന്നും സംഗമം അഭിപ്രായപ്പെട്ടു.

കേരളത്തിനകത്തും പുറത്തുംനിന്നുള്ള വിവിധ മെഡിക്കൽ ക്യാമ്പസുകളിൽനിന്നായി വിദ്യാർഥികൾ പങ്കെടുത്ത സംഗമം മെട്രോമെഡ് അന്താരാഷ്ട്ര കാർഡിയാക് സെന്ററിലെ ചീഫ് കാർഡിയോളജിസ്റ്റ് ഡോ. മുഹമ്മദ് മുസ്തഫ ഉദ്ഘാടനം ചെയ്തു.

ഡോ. അബ്ദുൽ മാലിക് പി.പി, ഡോ. നസീഫ് പി.പി, ഡോ. വസീം, ഡോ. അബ്ദുല്ല ബാസിൽ സി.പി, ഡോ. മുഹമ്മദ് സഫ്‌ൽ തുടങ്ങിയവർ ഡോക്റ്റേഴ്സ് പാനലിന് നേതൃത്വം നൽകി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി സി.പി സലീം, വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി, മുഹമ്മദ് അജ്മൽ.സി തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു

മുഖമൊഴി

# കർഷകസമരം നൽകുന്ന പാഠങ്ങൾ

അങ്ങനെ കർഷകരുടെ സമരം വിജയിച്ചിരിക്കുന്നു! പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും മർദനങ്ങൾക്കുമൊന്നും തങ്ങളെ തടയാനാവില്ലെന്ന് അവർ തെളിയിച്ചു. അധികാരിവർഗത്തിന്റെ കണ്ണുരുട്ടൽ കണ്ട് അവർ ഭയന്ന് പിൻമാറിയില്ല. എഴുന്നൂറോളം കർഷകർ സമരത്തിനിടയിൽ മരണപ്പെട്ടിട്ടും, അതിക്രൂരമായ ആക്രമണങ്ങൾക്ക് വിധേയരായിട്ടും അവരുടെ സമരവീര്യത്തിന് അൽപം പോലും ചോർച്ച സംഭവിച്ചില്ല. അവർ പ്രതികൂലമായ കാലാവസ്ഥയെ തരണം ചെയ്ത് ഒരുമിച്ചു കൂടിയത് സിന്ദാബാദ് വിളിക്കാൻ ആരുടെ പക്കൽനിന്നും പ്രതിഫലം വാങ്ങിയിട്ടല്ലായിരുന്നു. ആരുടെയും നിർബന്ധത്തിന് വഴങ്ങിയുമല്ലായിരുന്നു. തങ്ങളുടെ നിലനിൽപിനെത്തന്നെ ബാധിക്കുന്ന പ്രശ്നമാണ് എന്ന പൂർണമായ ബോധ്യമാണ് പ്രതികൂലമായ കാലാവസ്ഥയും ഭരണകൂടത്തിന്റെ എതിർപ്പുകളും തരണംചെയ്ത് സമരരംഗത്ത് ഉറച്ചുനിൽക്കാൻ അവരെ നിർബന്ധിതരാക്കിയത്.

ഇന്ത്യയിലെ കർഷകർക്ക് അസ്വീകാര്യമായ, അവർക്ക് ഗുണകരമല്ലെന്ന് വ്യക്തമായ കാർഷിക നിയമം കേന്ദ്ര സർക്കാർ കൊണ്ടുവന്നതിന്റെ പിന്നാമ്പുറ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് കർഷകർ തിരിച്ചറിയുകയും അവർ അരയും തലയും മുറുക്കി സമരരംഗത്തേക്കിറങ്ങുകയുമായിരുന്നു.

സർക്കാർ സമരക്കാരുടെ മുമ്പിൽ അടിയറവു പറഞ്ഞത് വരാൻ പോകുന്ന യുപി നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ്, അതു കഴിഞ്ഞാൽ മറ്റൊരു പേരിൽ ഇതേ നിയമം കൊണ്ടുവരില്ലെന്ന് എന്താണ് ഉറപ്പ് എന്ന് പല കോണുകളിൽ നിന്നും ചോദ്യം ഉയർന്നുകേൾക്കുന്നുണ്ട്. എന്നാൽ ഇതെല്ലാം മുന്നിൽകണ്ടുകൊണ്ടു തന്നെയാണ് കർഷകരുടെ നീക്കം.

കൃഷി നിയമങ്ങളെക്കുറിച്ചു ചിലരെ ബോധ്യപ്പെടുത്താനായില്ലെന്ന പ്രധാനമന്ത്രിയുടെ പരാമർശത്തിനെതിരെ കർഷകനേതാവ് രാകേഷ് ടിക്കായത്ത് കടുത്ത ഭാഷയിൽ പ്രതികരിച്ചത് ശ്രദ്ധേയമാണ്. ഇപ്പറഞ്ഞതിലെ 'ചിലർ' തങ്ങളാണെന്നും കർഷകരെ ഭിന്നിപ്പിക്കാനാണു ശ്രമമെന്നും അദ്ദേഹം തിരിച്ചടിച്ചു.

'നിയമങ്ങൾ ദോഷകരമാണെന്നു കേന്ദ്രത്തിനു മനസ്സിലാകാൻ ഒരു വർഷമെടുത്തു. മനസ്സിലാകുന്ന ഭാഷയിലാണു ഞങ്ങൾ സംസാരിച്ചത്. പക്ഷേ, ഡൽഹിയിലെ തിളങ്ങുന്ന കെട്ടിടങ്ങളിലിരിക്കുന്നവർ സംസാരിച്ചത് മറ്റൊരു ഭാഷയാണ്. പരിഹാരം കാണേണ്ട ഒട്ടേറെ വിഷയങ്ങൾ ഇനിയുമുണ്ട്. അവയിലെല്ലാം തീരുമാനമാകുന്നതുവരെ സമാധാനപരമായ പ്രക്ഷോഭം തുടരും. പ്രഖ്യാപനം ആത്മാർഥമാണെന്നു കേന്ദ്രം വ്യക്തമാക്കിയാൽ കർഷകർ വീടുകളിലേക്കുള്ള മടക്കയാത്ര ആരംഭിക്കാം'-ടിക്കായത്തിന്റെ ഈ പ്രതികരണം അധികാരികളുടെ നെഞ്ചിടിപ്പ് വർധിപ്പിക്കുന്നതാണ്.

ഇന്ത്യയിലെ ഒരു രാഷ്ട്രീയ പാർട്ടിക്കും ഇതുപോലെയൊരു സമരം നടത്താനോ അതിന് നേതൃത്വം നൽകാനോ കഴിയില്ല. നടത്തിയാൽതന്നെ നാളുകൾക്കകം തമ്മിൽ തല്ലി പല ഗ്രൂപ്പുകളായി അവർ പിരിയും. ജനപ്രതിനിധികളെ കോടികൾ കൊടുത്ത് സ്വന്തമാക്കുന്ന ഭരണകൂടവും പണത്തിൻ കിലുക്കം കേൾക്കുന്ന മാത്രയിൽ ആർത്തിപൂണ്ട് കാലുമാറുന്ന ജനപ്രതിനിധികളും ഉള്ളപ്പോൾ എത്രവലിയ ജനകീയ സമരവും പരാജയപ്പെടാൻ സാധ്യതയേറെയാണ്. എന്നാൽ കർഷക സമരത്തിനു മുന്നിൽനിന്നതും പിന്നിൽ അണിനിരന്നതും കർഷകർതന്നെയാണ്. തങ്ങൾക്ക് ദോഷകരമായ നിയമങ്ങൾ പിൻവലിക്കുക എന്ന ഏകലക്ഷ്യത്തിൽ അവർ മുന്നേറി. വല്ലാത്തൊരു നിശ്ചയദാർഢ്യം അവരിൽ പ്രകടമായിരുന്നു. ഒത്തുപിടിച്ചാൽ, അധികാരിവർഗത്തിന്റെ പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങാതെ മുന്നേറിയാൽ അവകാശങ്ങൾ നേടിയെടുക്കാനും കരിനിയമങ്ങൾ പിൻവലിപ്പിക്കാനും കഴിയുമെന്ന പാഠമാണ് കർഷക സമരം ലോകത്തിനു നൽകുന്നത്.

ശാഹുൽ പാലക്കാട്
shahulhamidkamba@Gmail.com

ലേഖനം



# മതവിരോധം മൂക്കുമ്പോൾ

**സാം** ഹാരിസ് എഴുതി: 'എനിക്കൊരു മാന്ത്രികവടി ലഭിക്കുകയും അതുകൊണ്ട് മതത്തെ അല്ലെങ്കിൽ ബലാത്സംഗത്തെ ലോകത്തുനിന്നും തുടച്ചുനീക്കാൻ അവസരം ലഭിക്കുകയും ചെയ്താൽ ബലാത്സംഗത്തെ ഇല്ലായ്മ ചെയ്യുന്നതിനു പകരം മതത്തെ തുടച്ചുനീക്കുക എന്ന തീരുമാനത്തെ കൈക്കൊള്ളാൻ ഞാൻ മടിക്കില്ല.'(1)

മതമാണ് ലോകത്തെ ഏറ്റവും വലിയ തിന്മയും കെടുതിയുമെന്ന് ആവർത്തിച്ച് അവകാശപ്പെടുന്നതാണ് മിക്ക നവനാസ്തിക കൃതികളുടെയും പൊതുസ്വഭാവം. മതത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പല്ലിറുക്കുകയും കണ്ണ് ചുവക്കുകയുമൊക്കെ ചെയ്യുന്ന നിലവാരത്തിലുള്ള മതവിരോധികളായ കുറെയധികം മാനസികരോഗികൾ സ്വയം നവനാസ്തികരെന്ന് അടയാളപ്പെടുത്തുന്നതിനു പുറകിലെ പ്രചോദനം സാം ഹാരിസിനെയും ഹിച്ചൻസിനെയും പോലുള്ളവരുടെ കിതാബുകളാണ്. ബലാത്സംഗത്തെ അല്ലെങ്കിൽ മതത്തെ തുടച്ചുനീക്കാൻ അവസരം ലഭിച്ചാൽ മതത്തെ തിരഞ്ഞെടുക്കുകയും

ബലാൽസംഗത്തെ അനുവദിക്കുകയും ചെയ്യുമെന്ന വിശദീകരണത്തിൽനിന്നുതന്നെ അയാളുടെ മതത്തോടുള്ള വെറുപ്പിന്റെ തീവ്രത എത്രത്തോളമെന്ന് അളക്കാനാകുന്നുണ്ട്. സ്വാഭാവികമായും ഇത്രയധികം മതവിരോധം ചുമക്കുന്ന ആളുകളിലേക്ക് യഥാർഥത്തിൽതന്നെ മതങ്ങളെ ഉന്മൂലനം ചെയ്യാനുള്ള അവസരം വന്നെത്തിയാൽ എന്തായിരിക്കും അവസ്ഥ?

ഏറ്റവും വലിയ തിന്മയും കെടുതിയുമായി മനുഷ്യൻ കരുതുന്നതിനെ തുടച്ചുനീക്കുന്നതിനാണല്ലോ അവർ മുൻഗണന നൽകുക. ആ സ്വഭാവത്തിൽ ബലാത്സംഗത്തെക്കാൾ വലിയ കെടുതിയെന്ന് നാസ്തികർക്ക് സ്വയം അഭിപ്രായമുള്ള മതദർശനങ്ങളുടെ ഉൻമൂലത്തിന് നാസ്തിക ഭരണക്രമത്തിൽ പ്രഥമപരിഗണന ലഭിക്കുന്നത് സ്വാഭാവികത മാത്രമാണ്. മതസ്വാതന്ത്ര്യത്തിന് വിലങ്ങിടുകയും തങ്ങളുടെ തീവ്ര മതനിഷേധ നിലപാടുകൾ പൗരന്മാരിലേക്ക് അടിച്ചേൽപിക്കുകയും ചെയ്യുന്ന സ്വഭാവം നിരീശ്വരവാദത്തിൽ നൈസർഗികമായി ഉള്ളടങ്ങിയതാണെന്ന് ചരിത്രപരമായിത്തന്നെ തെളിഞ്ഞതാണ്. മതങ്ങളോടുള്ള എതിർപ്പിനെയും വിരോധത്തെയും അടിസ്ഥാനദർശനമായി കാണുന്നതുകൊണ്ടുതന്നെ തങ്ങൾക്ക് അധികാരവും പദവിയും ലഭിച്ചിടത്തെല്ലാം നാസ്തികത ആ പ്രതികാരബുദ്ധി പ്രകടിപ്പിച്ചിട്ടുണ്ട് എന്നും കാണാം. 1944 നവംബറിൽ കമ്യൂണിസ്റ്റ് ലേബർ പാർട്ടി ഭരണത്തിൽ എത്തിയശേഷം ലോകത്തിലെ ആദ്യത്തെ നാസ്തിക രാഷ്ട്രമായി അൽബേനിയ സ്വയം പ്രഖ്യാപിച്ചു. പ്രസ്തുത ഭരണഘടനയുടെ 370ാം അനുച്ഛേദത്തിൽ അൽബേനിയ ഒരു ഔദ്യോഗിക നാസ്തിക രാഷ്ട്രമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.[2]

ആ രേഖപ്പെടുത്തലിന്റെ പ്രതിഫലനമെന്നോണം മതത്തിനും ദൈവവിശ്വാസികൾക്കുമെതിരെയുള്ള യുദ്ധത്തിനാണ് പിന്നീട് അൽബേനിയ സാക്ഷിയായത്. ബലാൽക്കാരമായിത്തന്നെ രാഷ്ട്രത്തിനകത്തുനിന്നും മതചിഹ്നങ്ങളെ തകർത്തും, മതസ്ഥാപനങ്ങളെ പിടിച്ചെടുത്തും, വിശ്വാസസ്വാതന്ത്ര്യം നിഷേധിച്ചും, എതിർത്തവരെ കൊന്നുതള്ളിയും ഫാഷിസത്തിന്റേതായ എല്ലാ വൈകല്യങ്ങളും ആദ്യ നാസ്തിക രാഷ്ട്രംതന്നെ കാണിച്ചുതന്നിട്ടുണ്ട്. എന്നാൽ അൽബേനിയയുടെ അവകാശവാദത്തിന് എതിരായി മുമ്പേതന്നെ മറ്റൊരു ഔദ്യോഗിക നാസ്തിക രാഷ്ട്രവും ഭൂമിയിൽ സ്ഥാപിക്കപ്പെട്ടിരുന്നു. സോവിയറ്റ് റഷ്യയാണത്. നിരീശ്വരവാദത്തിന്റെ ഏറ്റവും ഉയർന്ന രൂപമായ സയന്റിഫിക് എത്തീസം ആണ് തങ്ങളുടെ ആശയമെന്ന അവകാശവാദത്തിൽ സ്ഥാപിതമായ സോവിയറ്റിന് കീഴിൽ ലീഗ് ഓഫ് മിലിട്ടന്റ് എത്തിയിസ്റ്റ്സ് (leage of militant atheists)എന്ന പേരിലൊരു തീവ്ര മത ഉന്മൂലന സംഘടനതന്നെ പ്രവർത്തിച്ചിരുന്നു.[3] സ്റ്റാലിൻ അടക്കമുള്ള ഭരണാധികാരികളുടെ ഉത്തരവോടെതന്നെ മതവിശ്വാസത്തിന്റെ പേരിൽ പൗരന്മാർ കൊലചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്ത ചരിത്രം ആർക്കും നിഷേധിക്കാവുന്നതല്ല.[4]

ഓർത്തഡോക്സ് ചർച്ചുകളുടെ കണക്കനുസരിച്ച് കമ്യൂണിസം കാരണമായി ഇരുപതാം നൂറ്റാണ്ടിൽ തന്നെ അൻപത് ദശലക്ഷം വിശ്വാസികൾ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് റെവറന്റ് ഫാദർ റാഫേൽ മൂർ അദ്ദേഹത്തിന്റെ 'ഇൻ മെമ്മറി ഓഫ് ദി ഫിഫ്റ്റി മില്യൺ വിക്ടിംസ് ഓഫ് ദി ഓർത്തഡോക്സ് ക്രിസ്ത്യൻ ഹോളോകാസ്റ്റ്' എന്ന ലേഖനത്തിലൂടെ സമർഥിക്കുന്നത്. ആരാധനാലയങ്ങൾ തകർത്തും കുഞ്ഞുങ്ങളിൽ നിർബന്ധിതമായി മതനിഷേധ താൽപര്യങ്ങളെ കുത്തിവെച്ചും പുരോഹിതന്മാരെ വധിച്ചും മതത്തെ ഉന്മൂലനം ചെയ്യാൻ സോവിയറ്റ് നാസ്തികർ നടത്തിയ ശ്രമങ്ങളെ ദിമിത്രി പോസ്പിലോവ്സ്കി രചിച്ച 'മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നാസ്തികതയുടെ ചരിത്രവും സോവിയറ്റിലെ മതവിരുദ്ധ നയങ്ങളും' (A history of Marxist Leninist Atheism And Soviet Anti Relegious policies) എന്ന കൃതിയിൽ വായിക്കാം.

> **ഏറ്റവും വലിയ തിന്മയും കെടുതിയുമായി കരുതുന്നതിനെ തുടച്ചുനീക്കുന്നതിനാണല്ലോ മനുഷ്യൻ മുൻഗണന നൽകുക. ആ സ്വഭാവത്തിൽ ബലാത്സംഗത്തെക്കാൾ വലിയ കെടുതിയെന്ന് നാസ്തികർക്ക് അഭിപ്രായമുള്ള മതദർശനങ്ങളുടെ ഉൻമൂലത്തിന് നാസ്തിക ഭരണക്രമത്തിൽ പ്രഥമപരിഗണന ലഭിക്കുന്നത് സ്വാഭാവികമാണ്. മതസ്വാതന്ത്ര്യത്തിന് വിലങ്ങിടുകയും തങ്ങളുടെ മതനിഷേധ നിലപാടുകൾ പൗരന്മാരിലേക്ക് അടിച്ചേൽപിക്കുകയും ചെയ്യുന്ന സ്വഭാവം നിരീശ്വരവാദത്തിൽ നൈസർഗികമായി ഉള്ളടങ്ങിയതാണെന്ന് ചരിത്രപരമായിത്തന്നെ തെളിഞ്ഞതാണ്.**

മതവിരോധത്തിനു പുറമെ കേവല ഭൗതികവാദത്തിന്റെ ഉന്മാദത്തിൽ തങ്ങളുദ്ദേശിച്ച ലോകക്രമത്തെ സൃഷ്ടിക്കാൻ മാത്രം കൊന്നുതള്ളിയ പച്ചമനുഷ്യരുടെ കണക്കുകൾ വേറെയും ഉണ്ട്. 1924 മുതൽ 1953 വരെയുള്ള സ്റ്റാലിന്റെ ഭരണകാലത്ത് മാത്രം കൊല്ലപ്പെട്ടവരുടെ എണ്ണം ഇരുപത് ദശലക്ഷമാണ്. 1949 മുതൽ 1975 വരെ മാവോ സേതൂങ്ങിന്റെ നേതൃത്വത്തിൽ ചൈനയിൽ തുടച്ചുനീക്കപ്പെട്ടത് നാൽപത് മില്യൺ മനുഷ്യരാണ്. നാസ്തികത ഒരു സംഘടിത ശക്തിയായി വളരുകയും ഭരണക്രമത്തിന്റെ ഭാഗമാവുകയും ചെയ്ത ചുരുക്കം ഇടങ്ങളിൽ അത് മനുഷ്യനോട് പെരുമാറിയ ചരിത്രത്തിന്റെ ചുരുക്കം മാത്രമാണിത്. അടിച്ചേൽപിക്കപ്പെട്ട നാസ്തികതയുടെ പിരിമുറുക്കങ്ങൾ അനുഭവിക്കേണ്ടിവന്ന റഷ്യൻജനത കമ്യൂണിസത്തിന്റെ തകർച്ചയോടെ പൂർവാധികം ശക്തമായി തങ്ങളുടെ മതങ്ങളിലേക്കും പാരമ്പര്യങ്ങളിലേക്കും തിരിച്ചെത്തിയെന്നത് കൂടെയാണ് ചരിത്രം.[5]

വർത്തമാനലോകത്തേക്ക് വന്നാലും മതവിരോധത്തിന്റേതായ നാസ്തിക സമീപനരീതികൾ ഒട്ടും പുരോഗമിച്ചിട്ടില്ല എന്നുകാണാം. ഔദ്യോഗിക നാസ്തിക രാഷ്ട്രമായി സ്വയം രേഖപ്പെടുത്തിയിട്ടുള്ള ചൈനയുടെ സ്ഥിതിയിലേക്കുതന്നെ വരാം. രാഷ്ട്രമുഖത്തുനിന്നും മതചിഹ്നങ്ങളെ നീക്കംചെയ്യാനുള്ള അൽബേനിയൻ മോഡൽ വ്യഗ്രതതന്നെ ചൈനയും കൈക്കൊള്ളുന്നതായി ബി.ബി.സി അടക്കമുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ചരിത്രപ്രധാനമായ മസ്ജിദുകൾപോലും ഇടിച്ചുനിരത്തിയിരിക്കുന്നതിന്റെ ദൃശ്യങ്ങൾ സാറ്റലൈറ്റ് ചിത്രങ്ങളുടെ സഹായത്തോടെ അതിൽ തെളിയിക്കുന്നുണ്ട്.[6] ശിൻജ്യാങ്ങ് പ്രവിശ്യയിലെ നിലവിലെ മുസ്‌ലിം ജീവിതങ്ങളുടെ അവസ്ഥകളും വ്യത്യസ്തമല്ല. സ്വന്തം താടി നീട്ടി വളർത്താനോ, റമദാനിലെ വ്രതാനുഷ്ഠാനങ്ങൾക്കോ നിലവിൽ അവിടെ പൗരസ്വാതന്ത്ര്യമില്ല. നിലവിലുള്ള ചുരുക്കം മസ്ജിദുകൾപോലും പൂർണമായ ക്യാമറാ നിരീക്ഷണത്തിനകത്തുമാണ്. ഇതിനെല്ലാമുപരി വിശ്വാസികളെ ബലാൽക്കാരമായും പീഡിപ്പിച്ചും മസ്തിഷ്കപ്രക്ഷാളനം നടത്താനായി സർക്കാർ നിയന്ത്രണത്തിൽതന്നെ നിർബന്ധിത തടങ്കൽപാളയങ്ങൾ ചൈനയിൽ പ്രവർത്തിക്കുന്നുണ്ട്.[7]

2014ൽ ചൈനീസ് സർക്കാർ പ്രഖ്യാപിച്ച പീപ്പിൾസ് വാർ ഓൺ ടെറർ (peoples war on terror) നയത്തിന്റെ ഭാഗമായി 2017 മുതൽ വിശ്വാസികളെ സർക്കാർ ഈ തടങ്കൽപാളയത്തിലിട്ട് നരകിപ്പിക്കുന്നുണ്ടെന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ച് പോലുള്ള മനുഷ്യാവകാശ സംഘടനകൾ നിരീക്ഷിക്കുന്നു.[8] ഇവിടെ സംഭവിക്കുന്ന പീഡനങ്ങളുടെയും ബലാത്സംഗങ്ങളുടെയും മനുഷ്യാവകാശ നിഷേധങ്ങളുടെയും പേരിൽ ചൈന അന്താരാഷ്ട്ര രംഗത്ത് തന്നെ വിമർശനവിധേയമായിക്കൊണ്ടിരിക്കുകയാണ്.

വിവിധ മനുഷ്യാവകാശ സംഘടനകൾ ഉയ്ഗൂർ മുസ്‌ലിംകളുടെ വംശഹത്യയായാണ് ഇതിനെ വിലയിരുത്തുന്നത്.[9] ഇത്തരം ക്യാമ്പുകളിൽനിന്നും അവയവ കടത്തിനായി ആളുകളെ കൊല്ലുന്നതും സ്ത്രീകൾ ബലാത്സംഗത്തിന് ഇരയാകുന്നതും ഉൾപെടെയുള്ള വാർത്തകളും പുറത്ത് വന്നുകൊണ്ടിരിക്കുന്നു.[10]

ചുരുക്കത്തിൽ അധികാരവും ശക്തിയും കൈചേർന്നിടത്തെല്ലാം നാസ്തികത കൈക്കൊണ്ടിട്ടുള്ള മതവിരോധത്തിനും വംശീയതക്കും ഉദാഹരണം മാത്രമാണിത്. മറ്റു ദർശനങ്ങളോടുള്ള വെറുപ്പിനെ വിഗ്രഹവത്കരിച്ചുകൊണ്ടുമാത്രം നിലനിൽക്കുന്ന ഒരു ദർശനമെന്ന നിലയ്ക്ക് നിരീശ്വര പ്രത്യയശാസ്ത്രങ്ങളിൽനിന്നും സ്വാഭാവികമായുണ്ടാകുന്നതാണ് ഈ വെറുപ്പിന്റെ പ്രസരണവും.



ഇത് മനസ്സിലാക്കാൻ ശാസ്ത്ര പ്രചാരണമെന്ന പേരിൽ നാസ്തികർ നടത്തുന്ന വർത്തമാന പരിപാടികളെ നിരീക്ഷിച്ചാൽതന്നെ മതി. തെർമോ ഡൈനാമിക്സിന്റെ സെക്കൻഡ് ലോ കേട്ട് ഉത്തേജിതനാവുകയും കയ്യടിക്കുകയും ചെയ്യുന്ന ഒരു നാസ്തികനെയും ഇന്നുവരെ ആരും കണ്ടുകാണില്ല. എന്നാൽ മതദർശനങ്ങളെ തെറിനിലവാരത്തിൽ അധിക്ഷേപിക്കുമ്പോൾ അതിൽ ആനന്ദിക്കുകയും ഹർഷാരവം മുഴക്കുകയും ചെയ്യുന്ന മനോരോഗികൾ നാസ്തിക ശ്രോതാക്കളിൽ ചുരുക്കമല്ലെന്നും നിരീക്ഷിക്കാം. ഉള്ളിൽ തളംകെട്ടി കിടക്കുന്ന ഈ മതവിരോധം തന്നെയാണ് സോഷ്യൽ മീഡിയ തെറിവിളികൾ മുതൽ സോവിയറ്റ് മനുഷ്യ ഉന്മൂലനങ്ങളിൽവരെ മുഴച്ചുനിൽക്കുന്നത്.

> **“വർത്തമാനലോകത്തേക്ക് വന്നാലും മതവിരോധത്തിന്റേതായ നാസ്തിക സമീപനരീതികൾ ഒട്ടും പുരോഗമിച്ചിട്ടില്ല എന്നുകാണാം. ഔദ്യോഗിക നാസ്തിക രാഷ്ട്രമായി സ്വയം രേഖപ്പെടുത്തിയിട്ടുള്ള ചൈനയുടെ സ്ഥിതിയിലേക്കു തന്നെ വരാം. രാഷ്ട്രമുഖത്തുനിന്നും മതചിഹ്നങ്ങളെ നീക്കംചെയ്യാനുള്ള അൽബേനിയൻ മോഡൽ വ്യഗ്രതതന്നെ ചൈനയും കൈക്കൊള്ളുന്നതായി ബി.ബി.സി അടക്കമുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ചരിത്രപ്രധാനമായ മസ്ജിദുകൾപോലും ഇടിച്ചുനിരത്തിയിരിക്കുന്നതിന്റെ ദൃശ്യങ്ങൾ സാറ്റലൈറ്റ് ചിത്രങ്ങളുടെ സഹായത്തോടെ അതിൽ തെളിയിക്കുന്നുണ്ട്.”**

**കുറിപ്പുകൾ:**

[1] https://www.thesunmagazine.org/issues/369/thetempleofreason

[2] https://balkaninsight.com/2019/08/28/howalbaniabecametheworldsfirstatheistcountry/

[3] Keep, John L. H. (2005). "10: Captive minds: faith, science, history". In Litvin, Alter L; Keep, John L. H. (eds.). Stalinism: Russian and Western Views at the Turn of the Millennium. Totalitarian movements and political religions. Psychology Press. p. 153. ISBN 9780415351096. Retrieved 20170201. The principal vehicle for atheist propaganda was the League of (Militant) Godless, or LMG, headed by E.M. Yaroslavsky, which operated under close Party supervision and often in conjunction with its youth organization, the Komsomol.

[4] John Meyendorff (1987). Witness to the World. St Vladimir's Seminary Press. After having been the state religion for centuries both in Russian and in almost all the countries of Europe, Christianity suddenly was confronted with a militant atheistic system claiming to regulate not only the material, but also the spiritual life of man. The number of those who died for the faith is innumerable: in the year 1922 alone, 2691 secular priests, 1962 monks and 3447 nuns. Quoted from N. Struve, Christians in Russia, Harvill Press, London, 1967, p. 38

Timothy Ware (1993). The Orthodox Church. Penguin Books. The Ottoman Turks, while nonChristians, were still worshippers of the one God and, as we have seen, allowed the Church a large measure of toleration. But Soviet Communism was committed by its fundamental principles to an aggressive and militant atheism. Not only were churches closed on a massive scale in the 1920s and 1930s, but huge numbers of bishops and clergy, monks, nuns and laity were sent to prison and to concentration camps. How many were executed or died from illtreatment we simply cannot calculate. Nikita Struve provides a list of martyrbishops running to 130 names, and even this he terms 'provisional and incomplete'. The sum total of priestmartyrs must extend into tens of thousands.

[5] https://www.csmonitor.com/World/Europe/2011/0506/RussiaemergesasEuropesmostGodbelievingnation

[6] https://youtu.be/DewWSGTwOXo

[7] "Xinjiang de fankong, qu jiduanhua douzheng yu renquan baozhang" (in Chinese). Xinhua. 18 March 2019. Retrieved 20 July 2019.

[8] "China: Free Xinjiang 'Political Education' Detainees". Human Rights Watch.

[9] Statement by the Subcommittee on International Human Rights concerning the human rights situation of Uyghurs and other Turkic Muslims in Xinjiang, China". Subcommittee on International Human Rights (SDIR) of the Canadian House of Commons Standing Committee on Foreign Affairs and International Development. 21 October 2020. Archived from the original on 24 October 2020. Retrieved 23 October 2020.

[10] Liver on sale for $160k: Uyghur organs harvested in China's black markets.

https://www.hindustantimes.com/worldnews/liveronsalefor160kuyghurorgansharvestedinchinasblackmarkets101635556908589.html



# പരിണാമവാദവും യുക്തിവാദികളും

> ശാസ്ത്ര വിഷയങ്ങളിൽ ജീവശാസ്ത്രത്തിന്റെ ഭാഗമായും മാനവിക വിഷയങ്ങളിൽ ചരിത്രത്തിന്റെ ഭാഗമായും പഠിപ്പിക്കപ്പെടുന്ന പരിണാമവാദം ഒരു ശാസ്ത്ര സിദ്ധാന്തമല്ലെന്നതും വെറും നിഗമനം മാത്രമാണെന്നതും ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എന്നാൽ തങ്ങളുടെ ആദർശത്തിന് അസ്തിവാരമിട്ട പരിണാമവാദം തന്നെയാണ് ഇപ്പോഴും യുക്തിവാദികളുടെ പ്രധാന ആയുധമെന്നത് സഹതാപമർഹിക്കുന്ന കാര്യമാണ്.

കവർ സ്റ്റോറി

ടി.പി അബ്ദുൽ ഗഫൂർ, വെള്ളിയഞ്ചേരി
mail@nerpatham.com

ശാസ്ത്ര വിഷയങ്ങളിൽ ബയോളജിയുടെ ഭാഗമായും മാനവികവിഷയങ്ങളിൽ ചരിത്രത്തിന്റെ ഭാഗമായും ഏറെ പ്രാധാന്യത്തോടെ ഇന്ത്യയിൽ പഠിപ്പിക്കുന്ന ഒരു വിഷയമാണ് പരിണാമവാദം (Theory of evolution). പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പ്രായോഗികമായി കണ്ടെത്തിയ ഒരു ശാസ്ത്രസിദ്ധാന്തമല്ല ഇത്. മറിച്ച് വെറും ശാസ്ത്ര നിഗമനം (Hypothesis) മാത്രമാണ്. ഇതിലെ പല വാദങ്ങളും തെളിവുകളും

ശാസ്ത്രംതന്നെ നിരാകരിച്ചിട്ടുണ്ട് എന്നതാണ് സത്യം. ചരിത്രാതീതമായ കാലത്ത് നടന്നു എന്ന് ഊഹിക്കപ്പെടുന്ന കാര്യമാണ് ചരിത്ര പാഠപുസ്തകളിൽ ഏറെ പ്രാധാന്യത്തോടെ പഠിപ്പിക്കുന്നത്!

രസകരമായ ഒരു ഉദാഹരണത്തിലൂടെ പരിണാമവാദത്തിന്റെ പൊള്ളത്തരം മനസ്സിലാക്കാം: അന്തമാൻ നിക്കോബാർ ദ്വീപുകളിലെ കാട്ടിൽ പുറംലോകം കാണാതെ ജീവിക്കുന്ന ബുദ്ധിമാനായ ഒരു ആദിവാസിയെ ഒരു വലിയ പട്ടണത്തിൽ കൊണ്ടുവന്ന് നിറുത്തി. അയാൾ വിവിധ വാഹനങ്ങൾ കണ്ടു. വാഹനങ്ങൾ ഫാക്ടറിയിൽ നിർമിക്കുന്നതാണെന്ന് അറിയാത്ത അയാൾ അവയെക്കുറിച്ച് സ്വന്തം ബുദ്ധി ഉപയോഗിച്ച് ചിന്തിച്ച് ചില നിഗമനങ്ങളിലെത്തി. അത് ഇപ്രകാരമാണ്: 'ഭൂമിയിലുള്ള വസ്തുക്കൾ യാദൃച്ഛികമായി കൂടിച്ചേർന്ന് സൈക്കിൾ ഉണ്ടായി. ഉപയോഗം കൂടിയപ്പോൾ അത് സ്വയം പരിണമിച്ചു സ്കൂട്ടറായി. പിന്നീട് ഉപയോഗം കൂടിയപ്പോൾ മാറ്റത്തിന് സ്വയം വിധേയമായ അത് ബൈക്കായി. പിന്നീട് കാറായി. തുടർന്ന് കരയിലുള്ള കാർ യാത്രക്കാർ കൂടിയപ്പോൾ സ്വയം ബസായി. കടലിൽ വീണത് ബോട്ടും കപ്പലുമായി. ആകാശത്തേക്ക് ഉയർന്നത് വിമാനവും റോക്കറ്റുമായി. റെയിൽവേ ട്രാക്കിൽ പെട്ടത് തീവണ്ടിയായി.'

ഇയാളുടെ അതേ അവസ്ഥയാണ് സ്രഷ്ടാവായ അല്ലാഹുവിന്റെ അറിവും കഴിവും സൃഷ്ടിവൈഭവവും അറിയാത്ത പരിണാമവാദിയായ യുക്തിവാദിയുടെത്. ഒരു സൂചി പോലും സ്വയം ഉണ്ടായി സ്വയം ചലിക്കില്ല എന്ന് പറയുന്ന ശാസ്ത്രം ഉപയോഗിച്ചാണ് ഇവർ ആറ്റം മുതൽ ഗ്യാലക്സികളും ബാക്ടീരിയ മുതൽ മനുഷ്യനും വിവിധ പ്രതിഭാസങ്ങളുമെല്ലാം സ്വയം ഉണ്ടായി എന്ന് പറയുന്നത്!

ദൈവനിഷേധികളും യുക്തിവാദികളും വലിയ പ്രാധാന്യം നൽകുന്ന പരിണാമവാദത്തിന് പ്രധാനമായും രണ്ട് സിദ്ധാന്തങ്ങളാണ് ഉള്ളത്:

### 1. രാസപരിണാമസിദ്ധാന്തം

ഒപാരിൻ, ഹാൽഡേൻ എന്നീ രണ്ട് ശാസ്ത്രകാരന്മാർ രൂപകൽപന ചെയ്ത ഒരു സാങ്കൽപിക സിദ്ധാന്തമാണ് രാസപരിണാമസിദ്ധാന്തം (Theory of chemical evolution). ഇത് പറയുന്നത് ആദിമ ഭൂമിയുടെ അന്തരീക്ഷത്തിൽ ഉണ്ടായിരുന്ന നീരാവി തണുത്ത് ഭൂമിയിലേക്ക് മഴയായി പെയ്തിറങ്ങുകയും അങ്ങനെ സമുദ്രം ഉണ്ടാവുകയും അന്തരീക്ഷത്തിൽനിന്ന് മഴയിലൂടെ വന്ന കാർബൺ, ഹൈഡ്രജൻ, നൈട്രജൻ തുടങ്ങിയ മൂലകങ്ങൾ ചേർന്ന് ന്യൂക്ലിക് അമ്ലം (RNA) ഉണ്ടാവുകയും അത് ഒരു ലിപിഡ് ആവരണം സ്വീകരിക്കുകയും ചെയ്തു, ഇതാണ് ആദ്യ ജീവകണിക എന്നാണ്. ഇടിമിന്നൽ, അഗ്നിപർവത സ്ഫോടനം തുടങ്ങിയവയിൽനിന്നാണ് ഈ പ്രവർത്തനം നടക്കാനുള്ള ഊർജം ലഭിച്ചത്. ഈ വസ്തു പിന്നീട് വിഭജിച്ച് അനേകം ഏകകോശങ്ങൾ ഉണ്ടായി. അവയിൽനിന്ന് പരിണാമത്തിലൂടെ മനുഷ്യരടക്കമുള്ള ജീവികൾ ഉണ്ടായി!

സിദ്ധാന്തത്തിന്റെ ആകെത്തുക ഇതാണ്. പക്ഷേ, ചിന്തിക്കുന്നവർക്ക് അറിയാം ഈ വസ്തുക്കളെല്ലാം ഇന്നും അന്തരീക്ഷത്തിലും ഭൂമിയിലും ഉണ്ടെങ്കിലും ഒരു പുതിയ ജീവികോശം ഇന്ന് ഉണ്ടാകുന്നില്ല എന്ന്!

### 2. ചാൾസ് ഡാർവിന്റെ സിദ്ധാന്തം

ജീവികൾക്ക് വ്യതിയാനം ഉണ്ടായിയാണ് പുതിയ ജീവികൾ ഉണ്ടാകുന്നത്. ഭക്ഷണം, ഇണകൾ, അവയുടെ ചുറ്റുപാടുകൾ, കാലാവസ്ഥ എന്നിവയ്ക്കനുസരിച്ച് അവയ്ക്കനുയോജ്യമായതോ അല്ലാത്തതോ ആയ വ്യതിയാനങ്ങൾക്ക് അവ വിധേയമാകുമ്പോഴാണ് പുതിയ ജീവിവർഗങ്ങൾ രൂപപ്പെടുന്നത് എന്നാണ് ഡാർവിൻ പറഞ്ഞത്.

> **അന്തമാൻ നിക്കോബാർ ദ്വീപുകളിലെ കാട്ടിൽ പുറംലോകം കാണാതെ ജീവിക്കുന്ന ബുദ്ധിമാനായ ഒരു ആദിവാസിയെ ഒരു വലിയ പട്ടണത്തിൽ കൊണ്ടുവന്ന് നിറുത്തി. അയാൾ വിവിധ വാഹനങ്ങൾ കണ്ടു. വാഹനങ്ങൾ ഫാക്ടറിയിൽ നിർമിക്കുന്നതാണെന്ന് അറിയാത്ത അയാൾ അവയെക്കുറിച്ച് സ്വന്തം ബുദ്ധി ഉപയോഗിച്ച് ചിന്തിച്ച് ചില നിഗമനങ്ങളിലെത്തി. അത് ഇപ്രകാരമാണ്: 'ഭൂമിയിലുള്ള വസ്തുക്കൾ യാദൃച്ഛികമായി കൂടിച്ചേർന്ന് സൈക്കിൾ ഉണ്ടായി. ഉപയോഗം കൂടിയപ്പോൾ അത് സ്വയം പരിണമിച്ചു സ്കൂട്ടറായി. പിന്നീട് ഉപയോഗം കൂടിയപ്പോൾ മാറ്റത്തിന് സ്വയം വിധേയമായ അത് ബൈക്കായി. പിന്നീട് കാറായി. തുടർന്ന് കരയിലുള്ള കാർ യാത്രക്കാർ കൂടിയപ്പോൾ സ്വയം ബസായി. കടലിൽ വീണത് ബോട്ടും കപ്പലുമായി. ആകാശത്തേക്ക് ഉയർന്നത് വിമാനവും റോക്കറ്റുമായി. റെയിൽവേ ട്രാക്കിൽ പെട്ടത് തീവണ്ടിയായി.'**

ആദ്യം ഏകകോശജീവികൾ, അവ പരിണമിച്ച് ബഹുകോശജീവികൾ, തുടർന്ന് അവ പരിണമിച്ച് മൽസ്യം, ഉഭയജീവികൾ; തുടർന്ന് ഉരഗങ്ങൾ, പിന്നീട് അവയിൽനിന്ന് പരിണാമം വഴി സസ്തനികൾ (മനുഷ്യർ ഉൾപ്പെടെ) എന്ന രീതിയിൽ ജീവികൾ രൂപപ്പെട്ടു എന്നർഥം. ലഘു ഘടനയുള്ള ജീവികൾ പരിണമിച്ച് സങ്കീർണ ഘടനയുള്ള മനുഷ്യരടക്കമുള്ള ജീവികൾ ഉണ്ടായി എന്നതാണ് ഈ രണ്ട് സിദ്ധാന്തങ്ങളുടെയും രത്നച്ചുരുക്കം.

## നവ ഡാർവനിസം

പാരമ്പര്യഘടകങ്ങളായ ജീനുകൾക്ക് വ്യതിയാനം ഉണ്ടായിയാണ് ഈ മാറ്റം ഉണ്ടാകുന്നത് എന്ന് മ്യൂട്ടേഷനും ജനിതക ശാസ്ത്രവും ഉപയോഗിച്ച് പരിണാമവാദം വിശദീകരിച്ചതാണ് ഈ സിദ്ധാന്തം. ഇത് പിന്നീട് വിശദീകരിക്കാം.

## വിമർശനങ്ങൾ

ശാസ്ത്രത്തിലെ ഒരു മായാവിക്കഥയാണിത് എന്നു പറയാം. ഈ സിദ്ധാന്തത്തിന് മുമ്പ് ശാസ്ത്രം വിശ്വസിച്ച 'സ്വയം ജനന സിദ്ധാന്തം' (Theory of spontaneous generation) പഠിച്ചവർക്ക് അത് മനസ്സിലാകും. ചെളിയിൽനിന്നും പഴങ്ങളിൽനിന്നും വെള്ളത്തിൽനിന്നും ജീവികൾ സ്വയം ഉണ്ടാകുന്നു എന്നായിരുന്നു ഈ സിദ്ധാന്തം വാദിച്ചത്. ലാമാർക്കിന്റെ Theory of acquired characters ആയിരുന്നു മറ്റൊന്ന്. ഒരു ജീവി തന്റെ അവയവം കൂടുതൽ ഉപയോഗിച്ചാൽ ആ അവയവം അടുത്ത തലമുറയിൽ വികസിക്കും, ഉപയോഗിച്ചില്ലെങ്കിൽ അത് നശിക്കും എന്നാണ് ഈ സിദ്ധാന്തം പറഞ്ഞത്.

ജിറാഫിന്റെ കഴുത്ത് നീണ്ടത് ഉപയോഗം കൂടിയതുകൊണ്ടാണ്. പാമ്പിന് കാലുകൾ ഇല്ലാതായത് ഉപയോഗം ഇല്ലാത്തതുകൊണ്ടാണ് എന്നെല്ലാം ഈ സിദ്ധാന്തം ഉദാഹരിച്ചു. സാധാരണക്കാർ പോലും ഈ സിദ്ധാന്തത്തെ പരിഹസിച്ചു തള്ളി.


അപ്പോൾ പരിണാമ സിദ്ധാന്തത്തിന് മുമ്പുള്ള വിഡ്ഢിത്ത സിദ്ധാന്തങ്ങൾ പഠിച്ചവർക്ക് അത് തള്ളിയാണ് ഇന്ന് പുതിയ 'രാസപരിണാമം' വന്നിരിക്കുന്നത് എന്ന് അറിയാവുന്നത് കൊണ്ട് ഇതിന്റെ അപ്രസക്തിയും മനസ്സിലാകും.

ഇതിന് തെളിവായി പറയുന്നത് അമിനോ ആസിഡ് ലാബിൽ ഉണ്ടാക്കി എന്നതാണ്. യുക്തിവാദികൾക്ക് ദൈവനിഷേധത്തിന് ഇത് തെളിവല്ല. കാരണം അത് സ്വയമേ ഉണ്ടായതല്ല. ശാസ്ത്രകാരൻമാർ ഉണ്ടാക്കിയതാണ്. ഒന്നുമില്ലായ്മയിൽനിന്നോ ഒന്നും ഉപയോഗിക്കാതെയോ അല്ല, ദൈവം സൃഷ്ടിച്ച ചില പദാർഥങ്ങൾ ഉപയോഗിച്ചുകൊണ്ട് ഉണ്ടാക്കിയതാണ്. എന്നാൽ ഒരിക്കലും ഒരു ജീവനുള്ള കോശത്തെ ശാസ്ത്രം ഉണ്ടാക്കിയിട്ടില്ല. വിഭജിക്കുന്ന ജനിതകവസ്തുവിനെയും ഉണ്ടാക്കിയിട്ടില്ല.

## തെളിവുകളുടെ അശാസ്ത്രീയത

1. ആദ്യം ഉണ്ടായി എന്ന് സങ്കൽപിച്ച് പറയുന്ന വസ്തുവിന് അന്നത്തെ ഉയർന്ന ഊഷ്മാവിൽ നിലനിൽക്കാൻ സാധിക്കില്ല.

2. ആദ്യം ഉണ്ടായി എന്ന് ഇവർ പറയുന്നത് ചുറ്റും പ്രോട്ടീൻ ആവരണമുള്ള ഒരു RNA ആണ് എന്നാണ്. ഇതിന് സ്വയം നിലനിൽക്കാൻ കഴിയില്ല. കൊറോണ വൈറസ് പോലും ഒരു ജീവകോശത്തിലല്ലാതെ ജീവിക്കുകയോ, വിഭജനം നടത്തി പെരുകുകയോ ചെയ്യുകയില്ല. ആദിമ ഭൂമിയിൽ അന്തരീക്ഷത്തിനും വെള്ളത്തിനുമൊക്കെ 75 സെൽഷ്യസ് ചൂടുണ്ടായിരുന്നു എന്നാണ് ശാസ്ത്രം പറയുന്നത്. ആ ചൂടിനെ അതിജീവിക്കാൻ കഴിയാത്ത പ്രകൃതത്തിലുള്ള RNA അതേ ചൂടുള്ള കടലിൽ സ്വയം ഉണ്ടായി വിഭജനത്തിലൂടെ പെ



രുകി എന്നത് വിശ്വസിക്കുന്നതിനെക്കാൾ യുക്തി സഹം സർവശക്തനായ ദൈവം സൃഷ്ടിച്ചു എന്ന തല്ലേ? അമീബയാണെങ്കിലും ഇതാണ് സ്ഥിതി.

3. ഫോസിലുകൾ: ലഘുഘടനയുള്ള ജീവികൾ പരിണമിച്ച് സങ്കീർണ ഘടനയുള്ള ജീവികൾ ഉണ്ടാകുന്നു എന്ന വാദത്തിന് എതിരാണ് പഴയ ജീവികളുടെ അവശിഷ്ടങ്ങളായ ഫോസിലുകൾ. ഭൂമിയുടെ ഏറ്റവും താഴെനിന്ന് തന്നെ സങ്കീർണ ഘടനയുള്ള ദിനോസറുകളുടേത് പോലെയുള്ള ഫോസിലുകൾ ലഭിച്ചിട്ടുണ്ട്

4. ഒരു ജീവി പരിണമിച്ചാണ് മറ്റൊരു ജീവി ഉണ്ടാകുന്നത് എങ്കിൽ രണ്ടിന്റെയും ഇടയ്ക്കുള്ള ജീവികൾ വേണം. അതിന് തെളിവില്ല.

'ആർക്കിയോ ടെറിക്സി'നെ ഉദാഹരണമായി അവർ പറയുന്നുവെങ്കിലും അത് തെറ്റാണ് എന്ന് ശാസ്ത്രം തന്നെ കണ്ടെത്തിയിട്ടുണ്ട്. ആർക്കിയോ ടെറിക്സ് പല ജീവികളുടെ ഫോസിലുകൾ ചേർത്ത് കൃത്രിമമായി ഉണ്ടാക്കിയതാണ് എന്ന് പിന്നീട് തെളിയിക്കപ്പെട്ടിട്ടുണ്ട്.

5. ജീവികളുടെ ആന്തരഘടനയിലും ജീവൽ പ്രവർത്തനങ്ങളിലും ഉള്ള സാമ്യം ഒരിക്കലും പരിണാമത്തിന് തെളിവല്ല. ഓരോ ജീവിക്കും ഓരോ പ്രത്യേകതയുണ്ട്. ഇത് സർവശക്തനും സർവജ്ഞനുമായ ഒരു സ്രഷ്ടാവിലേക്ക് വിരൽചൂണ്ടുന്നു.

6. ഒരു കോശം അതിന്റെ സങ്കീർണ ഘടനയോടെ പരിണമിച്ച് ഉണ്ടാകുക എന്നത് അസാധ്യമാണ്. ഭൂമി രൂപംകൊണ്ടിട്ട് എത്ര കാലമായി എന്ന് ശാസ്ത്രം അനുമാനിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ പരിണാമ സിദ്ധാന്തപ്രകാരം ഒരു ജീവി സ്വയം ഒരു കോശത്തിൽനിന്ന് പരിണമിച്ച് ഉണ്ടാകാൻ എടുക്കുന്ന സമയം ഭൂമിയുടെ ഇന്നുവരെയുള്ള ആയുസ്സിനെക്കാൾ കൂടുതലാണ് എന്നു കാണാം.

7. പരിണാമവാദികൾ പറഞ്ഞ പല തെളിവുകളും തെറ്റാണ് എന്ന് ശാസ്ത്രം തന്നെ തെളിയിച്ചിട്ടുണ്ട്. മനുഷ്യന്റെ പൂർവികർ എന്നു പറഞ്ഞ് കാണിക്കുന്ന ചില ചിത്രങ്ങൾ, അസ്ഥികൾ, ഫോസിലുകൾ എന്നിവയെല്ലാം അവർ ഭാവനയിൽ ഉണ്ടാക്കിയ രൂപങ്ങളാണ്. നാം കാണുന്നത് അവർ ഭാവനയിൽ വരച്ച ചിത്രങ്ങളാണ്. ആർക്കും ഭാവനയിൽ ഇങ്ങനെ രൂപം വരച്ചുണ്ടാക്കാം. കിട്ടിയത് എല്ലിൻ കഷ്ണങ്ങളോ അടയാളമോ മാത്രമാണ് എന്നോർക്കണം.

8. അറിയപ്പെട്ട മാനവ ചരിത്രത്തിനിടയിൽ ഏതെങ്കിലും ഒരു ജീവിയിൽ പരിണാമത്തിന്റെ എന്തെങ്കിലും അടയാളമുണ്ടായതായി പോലും കാണുക സാധ്യമല്ല.

> **“പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിന് 50000 വർഷം മുമ്പ് അല്ലാഹു ഈ പ്രപഞ്ചത്തിൽ നടക്കാൻ പോകുന്ന കാര്യങ്ങളെല്ലാം രേഖപ്പെടുത്തിവെച്ചു എന്നും, ഒരു മനുഷ്യന് മാതാവിന്റെ ഗർഭാശയത്തിൽ നാലുമാസം പ്രായമാകുമ്പോൾ അവന്റെ മരണംവരെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തപ്പെടും എന്നും വിശ്വസിക്കുന്ന, ജീവികളുടെ കഴിവും കഴിവുകേടും ദൈവികമായി ലഭിക്കുന്നതാണ് എന്ന് വിശ്വസിക്കുന്ന മുസ്‌ലിംകൾക്ക് ജനിതക ശാസ്ത്രത്തെ തള്ളിക്കളയേണ്ട ആവശ്യമില്ല.”**

**ജനിതക ശാസ്ത്രവും മ്യൂട്ടേഷനും**

### ജനിതക ശാസ്ത്രവും മ്യൂട്ടേഷനും

പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിന് 50000 വർഷം മുമ്പ് അല്ലാഹു ഈ പ്രപഞ്ചത്തിൽ നടക്കാൻ പോകുന്ന കാര്യങ്ങളെല്ലാം രേഖപ്പെടുത്തിവെച്ചു എന്നും, ഒരു മനുഷ്യന് മാതാവിന്റെ ഗർഭാശയത്തിൽ നാലുമാസം പ്രായമാകുമ്പോൾ അവന്റെ മരണംവരെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തപ്പെടും എന്നും വിശ്വസിക്കുന്ന, ജീവികളുടെ കഴിവും കഴിവുകേടും ദൈവികമായി ലഭിക്കുന്നതാണ് എന്ന് വിശ്വസിക്കുന്ന മുസ്‌ലിംകൾക്ക് ജനിതക ശാസ്ത്രത്തെ തള്ളിക്കളയേണ്ട ആവശ്യമില്ല.

മാതാവിന്റെയും പിതാവിന്റെയും അണ്ഡ-ബീജങ്ങളിൽനിന്ന് വരുന്ന ജീനുകളാണ് ജന്തുക്കുടെ ശാരീരികവും സ്വഭാവപരവുമായ ഘടകങ്ങളെ നിയന്ത്രിക്കുന്നത് എന്നാണ് ജനിതകശാസ്ത്രം പറയുന്നത്.

ഉദാ: മനുഷ്യരുടെ നിറം വ്യത്യസ്തമാണ്. അതിനുകാരണം നിറം നൽകുന്ന പ്രോട്ടീൻ ഉൽപാദിപ്പിക്കാൻ സഹായിക്കുന്ന ജീനുകളുടെ പ്രവർത്തനത്തിലുള്ള വ്യത്യാസമാണ്. ഈ ജീനുകൾ പാരമ്പര്യമായി വരുന്നതാണ്. അതേപോലെ ഉയരം, സ്വഭാവം, ചില രോഗങ്ങൾ, കഴിവുകൾ തുടങ്ങി എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്ന ജീനു

കൾ ഉണ്ട്. ഗർഭാശയത്തിൽ ആയിരിക്കുമ്പോൾതന്നെ ജനിതക കോഡ് എന്ന ഭാഷയിലൂടെ മരണം വരെയുള്ള കാര്യങ്ങൾ ജീനുകളിൽ കോഡ് ചെയ്യപ്പെട്ട് കിടക്കുന്നു എന്നാണ് ശാസ്ത്രം പറയുന്നത്. ഇത് മാതാപിതാക്കളിൽ നിന്ന് വരുന്നതാണ്.

ജനിതക സ്വഭാവ വ്യതിയാനത്തിനും അതുവഴി പുതിയ സ്പീഷീസുകൾ (ജീവി വർഗങ്ങൾ) ഉത്ഭവിക്കുന്നതിനുമുള്ള പ്രധാന കാരണമായി പറയപ്പെടുന്നത് ഉൽപ്പരിവർത്തനം അഥവാ Mutation ആണ്. തലമുറകളിലേക്ക് കൈമാറാൻ കഴിയുംവിധം ജീവികളുടെ ജീനോടൈപ്പിൽ (Gentoype) ഉണ്ടാകുന്ന പൊടുന്നനെയുള്ള മാറ്റത്തെയാണ് മ്യൂട്ടേഷൻ എന്ന് പറയുന്നത്. ഇത് ക്രോമസോമിന്റെ ഘടനയിലോ, ജീനിന്റെ ഘടനയിലോ സംഭവിക്കുമ്പോൾ യഥാക്രമം ക്രോമസോം ഉൽപ്പരിവർത്തനമെന്നും (Chromosomal Mutations) ജീൻ ഉൽപ്പരിവർത്തനമെന്നും (Gene Mutation) വിളിക്കുന്നു.

എന്നാൽ മ്യൂട്ടേഷൻ മൂലം ജീവികളിൽ പരിണാമം സംഭവിച്ച് പുതിയ സ്പീഷീസ് ഉണ്ടാകുന്നതിന് സാധ്യതയേക്കാളേറെ അസാധ്യതയാണുള്ളതെന്ന് ആധുനികശാസ്ത്രം പറയുന്നു. മ്യൂട്ടേഷനുകളിൽ അധികവും ജീവികൾക്ക് മാരകമോ ഹാനികരമോ ആയ പ്രക്രിയയാണ് എന്നതുകൊണ്ടു തന്നെ അത് പരിണാമപരമല്ല, മറിച്ച് സാംക്രമികം മാത്രമാണ്.

## പരിണാമവാദത്തിന് തെളിവായി പറയുന്ന മ്യൂട്ടേഷൻ എന്താണ്?

മാതാപിതാക്കളിൽനിന്ന് വരുന്ന ജീനുകൾക്ക് ജീവിതകാലത്ത് വ്യതിയാനം സംഭവിക്കുകയും അത് അടുത്ത തലമുറയിലേക്ക് വ്യാപിക്കുകയും ചെയ്യുമ്പോഴാണ് പുതിയ ജീവി വർഗങ്ങൾ ഉണ്ടാകുന്നത് എന്നാണ് പരിണാമവാദികൾ പറയുന്നത്.

ജനിതക മാറ്റങ്ങൾ ജീവിക്ക് പ്രതികൂലമാറ്റമാണ് ഉണ്ടാക്കുന്നത്, അനുകൂലമല്ല. ജപ്പാനിലെ ഹിരോഷിമയിലും നാഗാസാക്കിയിലും രണ്ടാം ലോകമഹായുദ്ധ കാലത്ത് അണുബോംബ് വർഷിച്ചു. അണുവികിരണം ജനിതക മാറ്റം ഉണ്ടാക്കി. പക്ഷേ, അടുത്ത തലമുറയിൽ പരിണാമവാദികൾ പറയുന്നതുപോലെ പുതിയ നല്ല കഴിവുള്ള ജീവികളല്ല ഉണ്ടായത്; മറിച്ച് ശാരീരിക-മാനസിക വൈകല്യങ്ങളുള്ള മനുഷ്യരാണ് ഉണ്ടായത്.

ഒരു ജീവിയുടെ പ്രകൃത്യായുള്ള ജനിതക ഘടന മാറുമ്പോൾ ശാരീരിര-മാനസിക വൈകല്യമാണുണ്ടാവുന്നത് എന്നു വ്യക്തം. ഡൗൺ സിൻഡ്രം, ഡർണർ സിൻഡ്രം എന്നിവ ഉദാഹരണം. ശാരിരിക, മാനസിക വളർച്ചാ വൈകല്യത്തിന്റെ ശാസ്ത്രീയ നാമമാണ് ഇവ. ഇത് മനുഷ്യന്റെ ഒരു ക്രോമസോം സംഖ്യ കൂടുകയോ കുറയുകയോ ചെയ്തപ്പോൾ ഉണ്ടായ അവസ്ഥയാണ്. അപ്പോൾ ജനിതക മാറ്റമായ മ്യൂട്ടേഷൻ ഒരു ജീവിയിൽനിന്ന് മറ്റൊരു ജീവി ഉണ്ടാകുന്നു എന്നതിനു തെളിവല്ല.

## കൊറോണ വൈറസും മ്യൂട്ടേഷനും

വാർത്താ മാധ്യമങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ് കൊറോണയുടെ മ്യൂട്ടേഷൻ. ഇതിനെ സാമുഹിക മാധ്യമങ്ങളിൽ യുക്തിവാദികൾ പരിണാമത്തിന് തെളിവായി ഉദ്ധരിച്ച് കാണാം.

യഥാർഥത്തിൽ കൊറോണയുടെ വ്യതിയാനം അതിന്റെ ജനിതിക ഘടനയിൽ വരുന്ന ഒരു മാറ്റം മാത്രമാണ്; വൈറസ് എന്ന ജീവിവർഗത്തിൽനിന്ന് മറ്റൊരു ജീവി ഉണ്ടാകലല്ല. ജപ്പാനിൽ ജനിതക വ്യതിയാനം വന്ന് വൈകല്യമുള്ള മനുഷ്യർ ഉണ്ടായതുപോലെ.



## ആധുനിക യുക്തിവാദികൾ

പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിൽ പഴയ യുണൈറ്റഡ് റഷ്യയിൽ ദൈവനിഷേധത്തിലധിഷ്ഠിതമായ കമ്യൂണിസം ഉടലെടുത്തപ്പോൾ ശാസ്ത്രലോകത്ത് അതിന് സമാന്തരമായി ഉണ്ടായ ഒരു ചിന്താധാരയാണ് പരിണാമശാസ്ത്രമെന്ന് പറയാം. സോഷ്യലിസത്തോടൊപ്പം പരിണാമസിദ്ധാന്തത്തെയും അവർ ദൈവനിഷേധത്തിനായി പ്രചരിപ്പിച്ചു. ദൈവനിഷേധം യുക്തിസഹവും ശാസ്ത്രീയവുമാണ് എന്ന് പ്രചരിക്കപ്പെട്ടു. പ്രപഞ്ചം എന്നും ഉണ്ട്, അതിൽ യാദൃച്ഛികമായി ഉണ്ടായതാണ് മനുഷ്യരടക്കമുള്ള ജീവികളും പ്രതിഭാസങ്ങളും എന്നവർ വാദിച്ചു.

എന്നാൽ പ്രപഞ്ചത്തിന് ഒരു തുടക്കവും അവസാനവും ഉണ്ട് എന്ന് സ്റ്റീഫൻ ഹോക്കിംഗ്സ് മഹാവിസ്ഫോടന സിദ്ധാന്തത്തിലൂടെ (Big Bang theory) തെളിയിച്ചപ്പോൾ അവർ മൗനംപൂണ്ടു.

ഒരു ബാഹ്യശക്തിയില്ലാതെ ഒരു വസ്തുവിന് ചലിക്കാൻ കഴിയില്ല എന്ന് തെർമോ ഡൈനാമിക് തിയറിയിലും മറ്റും ഐൻസ്റ്റീനും ന്യൂട്ടനുമെല്ലാം പറഞ്ഞപ്പോൾ ഈ മഹാപ്രപഞ്ചംതന്നെ ചലിക്കുന്നു, ആറ്റം മുതൽ ഗ്യാലക്സിയിലെ നക്ഷത്രങ്ങൾ വരെ ചലിക്കുന്നുണ്ട് എന്ന ശാസ്ത്ര കണ്ടെത്തൽ അതിന് കാരണമായ ബാഹ്യശക്തിയായ ഒരു ദൈവത്തെ നിർബന്ധമാക്കി. ബാഹ്യശക്തിയില്ലാതെ ഒന്നിനും ചലിക്കാൻ കഴിയില്ല എന്നാണല്ലോ ന്യൂട്ടന്റെ ചലനനിയമം പറയുന്നത്.

ഊർജവും ദ്രവ്യവും പുതുതായി സൃഷ്ടിക്കാനോ നശിപ്പിക്കാനോ കഴിയില്ല; രൂപമാറ്റം വരുത്താനേ കഴിയൂ എന്ന് ശാസ്ത്രം കണ്ടെത്തിയതോടെ മരണത്തോടെ എല്ലാം നശിച്ചു എന്ന അവരുടെ വാദവും തെറ്റി. കാരണം മരണപ്പെട്ട മനുഷ്യന്റെ ശരീരവും വാക്കുകളും പ്രവൃത്തിയും ആധുനിക ശാസ്ത്രമനുസരിച്ച് വിവിധ ഊർജ-ദ്രവ്യ രൂപമായി ലോകത്ത് ഉണ്ട്. അവയെ പുനഃസൃഷ്ടിക്കാൻ കഴിയും. കാരണം ഊർജവും ദ്രവ്യവും നശിക്കുന്നില്ലല്ലോ! മറ്റൊരു രൂപത്തിൽ സ്ഥിതിചെയ്യുകയാണ് ചെയ്യുന്നത്.

ചുരുക്കത്തിൽ ദൈവനിഷേധികൾ തെളിവായി കൊണ്ടുനടന്ന പല തെളിവുകളും ശാസ്ത്രം തന്നെ തള്ളി.

ഇല്ലായ്മയിൽനിന്ന് ഒന്നും ഉണ്ടാകില്ല. (മതം പറയുന്നത് അനാദിയും അനന്തനുമായ ബാഹ്യശക്തിയായ അല്ലാഹുവാണ് ഇല്ലായ്മയിൽനിന്ന് എല്ലാം സൃഷ്ടിച്ച ആദികാരണം എന്നാണ്).

ലോകത്തിന് തുടക്കവും ഒടുക്കവുമുണ്ടെന്നാണ് ശാസ്ത്ര നിഗമനം. എങ്കിൽ അതിന് ആദ്യവും അവസാനവും ഇല്ലാത്ത ഒരു സ്രഷ്ടാവ് ആവശ്യമാണ്.

പരിണാമത്തിന്റെ തെളിവുകൾ മുകളിൽ പറഞ്ഞ ശാസ്ത്ര സിദ്ധാന്തങ്ങൾ വെച്ച് ശാസ്ത്രം തന്നെ തള്ളിയപ്പോൾ യുക്തിവാദികൾ പരിണാമവാദം സത്യമെന്ന് തെളിയിക്കൽ ഞങ്ങളുടെ പണിയല്ല എന്ന് സംവാദങ്ങളിൽ മറുപടി നൽകാൻ തുടങ്ങി!

## സൃഷ്ടി വാദം

ഏറ്റവും ചെറിയ ആറ്റോമിക കണികകൾ മുതൽ ഗ്യാലക്സികൾ വരെയുള്ള വസ്തുക്കൾ, വൈറസുകൾ മുതൽ മനുഷ്യർ വരെയുള്ള ജീവികൾ, അവയുടെ ഘടന, അവയിൽ നടക്കുന്ന പദാർഥങ്ങളുടെയും ഊർജത്തിന്റെയും മാറ്റങ്ങളും ചലനങ്ങളും തുടങ്ങിയവയെല്ലാം ഒരു കണക്കനുസരിച്ച് വ്യക്തമായ പ്ലാനോടെ ഒരു ബാഹ്യശക്തി (ദൈവം) ഡിസൈൻ ചെയ്തതാണ് എന്ന് വിശ്വസിക്കലാണ് യുക്തി. ഈ സൃഷ്ടിവാദം Theory of creation അമേരിക്കയിൽ പരിണാമവാദത്തോടൊപ്പം പബ്ലിക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിച്ചിരുന്നു.

ജീൻ, DNA എന്നിവയിൽ ജീവികളുടെ സ്വഭാവ സവിശേഷതകൾ രേഖപ്പെടുത്തിയത് ആരാണ്? ഈ അതിസങ്കീർണവും വിസ്മയകരവുമായ സംവിധാനം സത്യമാണെന്ന് ഉൾക്കൊണ്ടവർക്ക് ദൈവവിധിയിൽ വിശ്വസിക്കാൻ എന്താണ് തടസ്സം?

## ഇസ്‌ലാമും പരിണാമവാദവും

ഈ പ്രപഞ്ചത്തെയും അതിലുള്ള ജീവജാലങ്ങൾ, പ്രതിഭാസങ്ങൾ എന്നിവയെ സംബന്ധിച്ചുമൊക്കെ പഠിക്കുകയും അത് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ മനുഷ്യന് ഉപയോഗിക്കത്തക്ക രീതിയിൽ ആക്കുകയും ചെയ്യുന്നതിനാണ് ശാസ്ത്രമെന്ന് പറയുന്നത്. ഈ പഠനം ഇസ്‌ലാമിക വീക്ഷണ പ്രകാരം പരലോകത്ത് പുണ്യം കിട്ടുന്ന സൽകർമമാണ്. അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ച് ചിന്തിക്കാനും അതിലൂടെ അവന്റെ സൃഷ്ടി വൈഭവം മനസ്സിലാക്കാനും ക്വുർആൻ പറയുന്നുണ്ട്.

എന്നാൽ മനുഷ്യരടക്കമുള്ള ജീവികൾ പരിണമിച്ചുണ്ടായി എന്ന ഊഹാധിഷ്ഠിതമായ ശാസ്ത്ര സങ്കൽപത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. ആദരണീയനായ രീതിയിൽ ആദ്യമനുഷ്യനായ ആദമിനെ അല്ലാഹു മണ്ണിൽ നിന്ന് രൂപമുണ്ടാക്കി അതിൽ ആത്മാവിനെ ഊതിയാണ് സൃഷ്ടിച്ചത്. ശേഷം ഇണയെയും സൃഷ്ടിച്ചു. അവർ ഇണ ചേരുമ്പോൾ ബീജവും അണ്ഡവും കൂടിച്ചേർന്ന് മക്കളുണ്ടാകുന്ന സംവിധാനം അല്ലാഹു ഒരുക്കിക്കൊടുത്തു. അത് ഇന്നും അങ്ങനെ തന്നെ തുടരുന്നു. മറ്റു സൃഷ്ടികളും ഇങ്ങനെ ആദ്യമായി ഇണകളായി സൃഷ്ടിക്കപ്പെട്ട് തുടർന്ന് പ്രത്യുൽപാദനത്തിലൂടെ തലമുറകൾ ഉണ്ടായി എന്നതാണ് ഇസ്‌ലാമിക വിശ്വാസം.

കഴുതയും കുതിരയും ഇണചേർന്ന് കോവർ കഴുത ഉണ്ടാകുന്നതുപോലെ ചില സങ്കരജീവികളും രൂപപ്പെടുന്നുണ്ട്.


മണ്ണ്, ജലം, വായു എന്നിവ ചേർന്നുതന്നെയാണ് ജീവികൾ ഉണ്ടാകുന്നത്. ഈ പ്രക്രിയ അല്ലാഹുവിന്റെ കൽപന പ്രകാരം മലക്കുകൾ ചെയ്യുന്നു. 'ഒരു ബാഹ്യ ശക്തിയില്ലാതെ മാറ്റം ഉണ്ടാകില്ല' എന്ന് ശാസ്ത്രം തന്നെ പറയുന്നുണ്ടല്ലോ.

യുക്തിവാദത്തെയും പരിണാമവാദത്തെയും ഇസ്‌ലാമിക വിശ്വാസ ശാസ്ത്രവുമായി താരതമ്യം ചെയ്ത് പഠിച്ചാൽ മനസ്സിലാവും ഏതാണ് ശാസ്ത്രീയം എതാണ് യുക്തിഭദ്രം എന്ന്.

മനുഷ്യൻ സ്വയം ചിന്തിച്ച് ഉണ്ടാക്കുന്ന സിദ്ധാന്തങ്ങൾ തെറ്റുപറ്റാൻ സാധ്യത ഏറെയാണ്. പലതും തെറ്റിയിട്ടുമുണ്ട്. ഒരു കാലഘട്ടത്തിൽ അവ പ്രായോഗികമാണെങ്കിൽതന്നെ പിന്നീടവ അപ്രായോഗികമായി മാറിയേക്കാം.

മനുഷ്യ സൃഷ്ടിപ്പിനെക്കുറിച്ച് വിശുദ്ധ ക്വുർആൻ കൃത്യവും യുക്തിഭദ്രവുമായ വിവരണം നൽകുന്നുണ്ട്. പ്രപഞ്ചസ്രഷ്ടാവിന്റെ വചനങ്ങളോളം സത്യസന്ധമായ വചനങ്ങൾ ഏതാണുള്ളത്?

ചുരുക്കത്തിൽ പരിണാമവാദം യുക്തിവാദത്തെ കൂടുതൽ യുക്തിരാഹിത്യത്തിലേക്കും അശാസ്ത്രീയതയിലേക്കുമാണ് നയിച്ചത്. വിദ്യാർഥി സമൂഹം ക്വുർആനിന്റെ അർഥവും ആശയവും മനസ്സിലാക്കാൻ ശ്രമിക്കണം. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയ ഒരു ശാസ്ത്ര സത്യവും ക്വുർആന് എതിരല്ല. എന്നാൽ ഊഹത്തിന്റെയും കെട്ടിച്ചമച്ച തെളിവുകളുടെയും അടിസ്ഥാനത്തിലുള്ള വ്യാജ സിദ്ധാന്തങ്ങളെ ഇസ്‌ലാം അംഗീകരിക്കുകയില്ല.





"ആകാശഭൂമികളുടെ ആധിപത്യരഹസ്യത്തെപ്പറ്റിയും, അല്ലാഹു സൃഷ്ടിച്ച ഏതൊരു വസ്തുവെപ്പറ്റിയും, അവരുടെ അവധി അടുത്തിട്ടുണ്ടായിരിക്കാം എന്നതിനെപ്പറ്റിയും അവർ ചിന്തിച്ച് നോക്കിയില്ലേ? ഇനി ഇതിന് (ക്വുർആനിന്) ശേഷം ഏതൊരു വൃത്താന്തത്തിലാണ് അവർ വിശ്വസിക്കാൻ പോകുന്നത്?"(ക്വുർആൻ 7:185).

മനുഷ്യൻ അവന്റെ സ്രഷ്ടാവിനെ തിരിച്ചറിഞ്ഞ് അവനെ മാത്രം ആരാധിച്ച് അവന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുക എന്നതാണ് ആ പ്രകൃതി. മതം എന്തിനെന്നുള്ള ചോദ്യത്തിന് ക്വുർആൻ നൽകുന്ന ഉത്തരം മറ്റൊന്നല്ല:

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (30:30).

ആരോഗ്യപഥം



മുസാഫിർ
mail@nerpatham.com

# വൃക്കയിലെ കല്ലുകൾ

വൃക്കസ്തംഭനത്തിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ് വൃക്കകളിലും മൂത്രവാഹിനിക്കുഴലിലും മറ്റും കാണപ്പെടുന്ന കല്ലുകൾ. വൃക്കകൾ അരിച്ചു പുറത്തുകളയുന്ന ലവണങ്ങളുടെ സാന്ദ്രത കൂടുമ്പോൾ അവ പരലുകളായി രൂപപ്പെട്ട് കല്ലുകളായി മാറുകയാണ്. മൂത്രനാളിയിലും മൂത്രസഞ്ചിയിലും മറ്റും ഉള്ള ഘടനാപരമായ തകരാറുകളും രോഗാണുബാധയും കല്ലുകൾ രൂപപ്പെടാനുള്ള സാധ്യത വർധിപ്പിക്കുന്നു. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരിലാണ് വൃക്കയിൽ കല്ലുണ്ടാകുന്നതിനുള്ള സാധ്യത കൂടുതൽ. 20നും 40നും ഇടയിൽ പ്രായമുള്ളവരിലാണ് കല്ലുകൾ ഏറ്റവും കൂടുതലായി രൂപപ്പെടുന്നത്. വിട്ടുവിട്ടുള്ള അടിവയറിലെ വേദനതന്നെയാണ് കല്ലുകളുടെ പ്രധാന ലക്ഷണം. നട്ടെല്ലിന് ഇരുവശവുമുള്ള ഭാഗത്തുനിന്ന് അടിവയറ്റിലേക്ക് പടരുന്ന വേദന വൃക്കയിലെ കല്ലുരോഗത്തിന്റെ സവിശേഷ ലക്ഷണമാണ്. മൂത്രം രക്തം കലർന്നു പോവുക, മൂത്രതടസ്സം, ഛർദി, പനി, കുളിരും വിറയലും തുടങ്ങിവയാണ് മറ്റു ലക്ഷണങ്ങൾ. മൂത്രപരിശോധന, എക്സ്റേ, സ്കാനിങ് തുടങ്ങിയ പരിശോധനകളിലൂടെ വൃക്കയിലെ കല്ലുകൾ കണ്ടുപിടിക്കാം. മരുന്നുകൾ ഉപയോഗിച്ചും വൃക്കയിലെ കല്ലുകൾ പൊടിച്ചുകളഞ്ഞുമാണ് ഇതിനുള്ള ചികിത്സ നടത്തുന്നത്.

### അനീമയയും കിഡ്നി രോഗങ്ങളും

എന്താണ് അനീമിയ? ഒരു വ്യക്തിയുടെ രക്തത്തിൽ ചുവന്ന രക്തകോശങ്ങൾ കുറവായി കാണപ്പെടുന്ന അവസ്ഥയാണ് അനീമിയ. ചുവന്ന രക്തകോശങ്ങളാണ് ശരീരത്തിലെ കലകളിലേക്കും (ടിഷ്യൂ) അവയവങ്ങളിലേക്കും ഓക്സിജനെ എത്തിക്കുന്നത്. ഇത്തരത്തിൽ ഇവ ഭക്ഷണത്തിൽ നിന്നും ഊർജത്തെ നിർമിക്കുന്നു.


ടിഷ്യൂവിനും അവയവങ്ങൾക്കും, പ്രത്യേകിച്ച് ഹൃദയത്തിനും തലച്ചോറിനും ഓക്സിജനില്ലാതെ അവയുടെ പ്രവർത്തനങ്ങൾ ശരിയാംവണ്ണം ചെയ്യുവാൻ സാധിക്കുകയില്ല. ഇക്കാരണംകൊണ്ടുതന്നെ അനീമിയ ബാധിച്ച വ്യക്തി വിളറി, ക്ഷീണിച്ച രൂപത്തിൽ കാണപ്പെടുന്നു.

കിഡ്നി രോഗങ്ങളുള്ളവരിൽ അനീമിയ സാധാരണയായി കണ്ടുവരാറുണ്ട്. ആരോഗ്യമുള്ള കിഡ്നികൾ എരിത്രോ പോയിറ്റിൻ എന്ന ഹോർമോൺ ഉല്പാദിപ്പിക്കുന്നു. ഈ ഹോർമോൺ എല്ലിലെ മജ്ജയെ (ബോൺ മാരോ) ഉത്തേജിപ്പിച്ച് ആവശ്യാനുസരണം ചുവന്ന രക്തകോശങ്ങളെ നിർമിക്കുന്നു.

പക്ഷേ, രോഗമുള്ള കിഡ്നികൾ ആവശ്യാനുസരണം എരിത്രോ പോയിറ്റിൻ എന്ന ഹോർമോൺ ഉല്പാദിപ്പിക്കുന്നില്ല. തൽഫലമായി എല്ലിലെ മജ്ജ വളരെ കുറച്ച് ചുവന്ന രക്തകോശങ്ങളെ മാത്രമെ ഉല്പാദിപ്പിക്കുന്നുള്ളൂ.

അയേണിന്റെയും ഫോളിക് ആസിഡിന്റെയും അളവ് കുറയുംതോറും അനീമിയ ഉണ്ടാകാം. ഭക്ഷണത്തിൽ ഈ പോഷകങ്ങൾ ചുവന്ന രക്തകോശങ്ങളുടെ നിർമാണത്തെ സഹായിക്കുന്നവയാണ്.

എല്ലിന് ബലം കൊടുക്കുന്നതും തേയ്മാനം വരാതെ സൂക്ഷിക്കുന്നതും കിഡ്നിയാണ്. എല്ലിന്റെ പ്രധാന ഘടകം കാത്സ്യമാണല്ലോ. അത് ശരിയായ തോതിൽ നിലനിർത്തുന്നതും കിഡ്നിയാണ്. കിഡ്നി എഴുപത് അല്ലെങ്കിൽ എൺപത് ശതമാനം കുഴപ്പത്തിലായാൽ മാത്രമെ നമുക്ക് ഇക്കാര്യം അനുഭവപ്പെടുകയുള്ളൂ



ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം

# പ്രവാചക ചര്യകളും മുസ്‌ലിംകളും

4

### നന്മ ലഭിച്ചവനെ അനുമോദിക്കൽ

മനുഷ്യരിലുള്ള വളരെ മോശം സ്വഭാവങ്ങളിലൊന്നാണ് അപരന് നന്മ ലഭിച്ചാൽ അതിൽ അസൂയ വെക്കുക എന്നത്. മറ്റുള്ളവർക്ക് എന്തെങ്കിലും ഒരു നേട്ടം ലഭിച്ചാൽ അതിൽ അവരെപ്പോലെ നമുക്കും സന്തോഷിക്കാൻ കഴിയണം. അപ്പോഴേ നാം ശുദ്ധമനഃസ്ഥിതിക്കാരാവുകയുള്ളൂ. അല്ലാതെ അപരന് കൈവന്ന നന്മയിൽ അസൂയവെക്കുകയും തനിക്ക് കിട്ടാത്ത നേട്ടം അവന് ലഭിച്ചതിൽ നിരാശപൂണ്ട് അത് അവനിൽനിന്ന് നഷ്ടപ്പെടാനോ, അവന്റെ നേട്ടം തട്ടിയെടുക്കാനോ ആഗ്രഹിക്കുകയോ, അവനെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയോ അല്ല വേണ്ടത്. കഷ്ടപ്പാടുകൾക്കും ത്യാഗങ്ങൾക്കും

നീണ്ട പരിശ്രമങ്ങൾക്കുമൊടുവിൽ ഒരാൾ ഒരു നേട്ടം കൊയ്തിട്ടുണ്ടെങ്കിൽ അതിൽ മനസ്സറിഞ്ഞ് സന്തോഷിക്കുകയും അവനിൽ അത് നിലനിൽക്കുവാൻ വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്ന സന്മനസ്സാണ് ഒരു സത്യവിശ്വാസിക്ക് ഉണ്ടാകേണ്ടത്.

ഒരു സംഭവം പറയാം: തബൂക്ക് യുദ്ധത്തിനു വേണ്ടി നബിﷺയും മുഹാജിറുകളും അൻസ്വാറുകളും തയ്യാറാകുന്ന സന്ദർഭത്തിൽ ചിലർ അതിൽ നിന്നും പിന്തിരിഞ്ഞുപോയി. എന്നാൽ പിന്നീട് അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തിട്ടുണ്ട്. അല്ലാഹു പറയുന്നു:

"തീർച്ചയായും പ്രവാചകന്റെയും, ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നവരായ മുഹാജിറുകളുടെയും അൻസ്വാറുകളുടെയും നേരെ അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു-അവരിൽ നിന്ന് ഒരു വിഭാഗത്തിന്റെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനു ശേഷം. എന്നിട്ട് അല്ലാഹു അവരുടെ നേരെ കനിഞ്ഞുമടങ്ങി. തീർച്ചയായും അവൻ അവരോട് ഏറെ കൃപയുള്ളവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 9:117) എന്ന വചനം ഇറങ്ങിയ സന്ദർഭത്തിൽ, യുദ്ധത്തിൽനിന്നും പിന്തിരിഞ്ഞുനിന്നവരിൽപെട്ട ഒരാളായ കഅ്ബ് ഇബ്നുമാലിക്ؓ തന്റെ അടുക്കൽവന്ന വീഴ്ചയിൽ ദുഃഖാകുലനായി കഴിച്ചുകൂട്ടുമ്പോൾ (തനിക്ക് അല്ലാഹു പൊറുത്ത് തന്നതായി) സന്തോഷവാർത്ത അറിയിച്ചുകൊണ്ട് വന്നയാളുടെ ശബ്ദം കേട്ടപാടെ സുജൂദ് ചെയ്ത് അല്ലാഹുവിന് നന്ദി കാണിച്ചു. പിന്നീട് നബിﷺയുടെ അടുക്കലേക്ക് മടങ്ങി.

കഅ്ബ്ؓ പറയുന്നു: "ഞാൻ നബിﷺയും സ്വഹാബികളും ഒന്നിച്ചിരിക്കുന്ന അവസരത്തിൽ പള്ളിയിലേക്ക് കടന്നുചെന്നു. അന്നേരം ത്വൽഹത് ഇബ്നു ഉബൈദില്ലؓ എന്റെ അടുത്തേക്ക് ഓടിവന്ന് എനിക്ക് ഹസ്തദാനം നൽകി എന്നെ അനുമോദിക്കുകയുണ്ടായി" (ബുഖാരി).

നോക്കൂ, സ്വഹാബത്തിന്റെ പരസ്പരമുള്ള ആ ഒരു സ്നേഹോഷ്മളമായ ബന്ധവും പെരുമാറ്റവും! തങ്ങളുടെ സഹോദരങ്ങളുടെ വീഴ്ചയിൽ അവർക്ക് അല്ലാഹു പൊറുത്ത് കൊടുത്തു എന്ന അവരുടെ നേട്ടത്തിൽ അവരെപ്പോലെ അവരുടെ സന്തോഷത്തിൽ പങ്കുകൊണ്ടവരാണ് സ്വഹാബത്ത്. ഈയൊരു മനോഭാവമായിരിക്കണം എല്ലാ വിശ്വാസികൾക്കുമുണ്ടാവേണ്ടത്.

### ഭക്ഷണ മര്യാദകൾ

രാത്രിഭക്ഷണം പലപ്പോഴും കുടുംബത്തോടൊന്നിച്ച് ഹോട്ടലുകളിലും വലിയ റെസ്റ്റോറന്റുകളിലും പോയി കഴിക്കുന്നവരാണിന്ന് -പ്രത്യേകിച്ച് നഗരങ്ങളിൽ- കൂടുതലും. അതിന് പല കാരണങ്ങളുണ്ട്. കുടുംബവുമായി പുറത്തിറങ്ങുമ്പോഴുള്ള

> **മനുഷ്യരിലുള്ള വളരെ മോശം സ്വഭാവങ്ങളിലൊന്നാണ് അപരന് നന്മ ലഭിച്ചാൽ അതിൽ അസൂയ വെക്കുക എന്നത്. മറ്റുള്ളവർക്ക് എന്തെങ്കിലും ഒരു നേട്ടം ലഭിച്ചാൽ അതിൽ അവരെപ്പോലെ നമുക്കും സന്തോഷിക്കാൻ കഴിയണം. അപ്പോഴേ നാം ശുദ്ധമനഃസ്ഥിതിക്കാരാവുകയുള്ളൂ. അല്ലാതെ അപരന് കൈവന്ന നന്മയിൽ അസൂയവെക്കുകയും തനിക്ക് കിട്ടാത്ത നേട്ടം അവന് ലഭിച്ചതിൽ നിരാശപൂണ്ട് അത് അവനിൽനിന്ന് നഷ്ടപ്പെടാനോ, അവന്റെ നേട്ടം തട്ടിയെടുക്കാനോ ആഗ്രഹിക്കുകയോ, അവനെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയോ അല്ല വേണ്ടത്.**

സന്തോഷം, മക്കളെ സന്തോഷിപ്പിക്കൽ, ഇടക്കൊക്കെയൊന്ന് ഭാര്യയുടെ ജോലികുറച്ച് ആശ്വാസം നൽകൽ, ഭക്ഷണവൈവിധ്യം ആസ്വദിക്കൽ എന്നിങ്ങനെ പലതും. വലിയ ജോലിത്തിരക്കുകൾ ഉള്ളവർ ഭാര്യയുമായി സല്ലപിക്കാനും ടെൻഷൻ കുറക്കാനും സമയം കണ്ടെത്തുന്നതും ഇതുപോലെയുള്ള സമയങ്ങളിലാണ്. അതുകൊണ്ട് തന്നെ ഇന്ന് നഗരങ്ങളിലും ഗ്രാമങ്ങളിലുമൊക്കെ ഫാസ്റ്റ് ഫുഡ് കടകൾക്ക് പഞ്ഞമില്ല.

ഇത്തരം ഭക്ഷണശാലകളിൽ ഭക്ഷണത്തിന് കയറി മെനു നോക്കി തങ്ങൾക്കുവേണ്ട വിഭവങ്ങൾ ഓർഡർ ചെയ്തുകഴിഞ്ഞാൽ ആദ്യം വരിക പ്ലെയ്റ്റുകളാണ്! അതു കഴിഞ്ഞാൽ പിന്നീട് ഓരോ ഗ്ലാസ്സ് വെള്ളം കൊണ്ടുവന്ന് മേശപ്പുറത്ത് വെക്കും. അതിനു പിന്നാലെ ടിഷ്യൂപേപ്പറുമെത്തും. പിന്നെയും ഒരുപാട് സമയം ഇരിക്കേണ്ടി വരുന്നതിനാൽ ബോറഡി ഒഴിവാക്കാൻ ഭക്ഷണത്തിനുമുമ്പുള്ള ചെറിയ വിഭവങ്ങൾ അതല്ലെങ്കിൽ ഭക്ഷണത്തിന്റെ കൂടെ കഴിക്കാനുള്ള അച്ചാറും കച്ചമ്പറും മയോണൈസും സലാഡുമൊക്കെ

കൊണ്ടുവന്നുവെക്കും. കാത്തിരിപ്പ് നീളുമ്പോൾ മുന്നിൽ കൊണ്ടുവെച്ച ഐറ്റംസ് ഒന്ന് ടച്ച് ചെയ്യും. പിശാച് എത്ര സൂത്രത്തിലാണ് മനുഷ്യനെ കെണിയിൽ പെടുത്തുന്നത് എന്നതിന് ഏറ്റവും നല്ല ഉദാഹരണവും ഒരുപക്ഷേ, ഇതായിരിക്കും. മേൽപറയപ്പെട്ട ഐറ്റങ്ങൾ അൽപാൽപമായി മുമ്പിലിരിക്കുന്ന പ്ലൈറ്റിലേക്ക് ഒഴിക്കും. എന്നിട്ട് പതിയെ രുചിക്കാൻ തുടങ്ങും. എന്നാൽ അന്നേരം ബിസ്മി ചൊല്ലാൻ പലരും മറന്നുപോകും. പിന്നീട് ഓർഡർ ചെയ്ത വിഭവസമൃദ്ധമായ ഭക്ഷണം മുന്നിലെത്തിയാലോ, ആദ്യമേ ബിസ്മി ചൊല്ലാതെ കഴിച്ചു തുടങ്ങിയതുകൊണ്ട് പിന്നെ ബിസ്മി ചൊല്ലേണ്ട കാര്യം ഓർക്കുകയുമില്ല!

ഉമർ ഇബ്നുഅബീസലമ(റ)യിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഞാൻ ഒരുദിനം അല്ലാഹുവിന്റെ റസൂലിനോടൊപ്പം ഭക്ഷിച്ചു. അപ്പോൾ തളികയ്ക്കു ചുറ്റുമുള്ള മാംസത്തിൽ നിന്ന് ഞാൻ എടുക്കുവാൻ തുടങ്ങി. അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: 'എന്റെ പുന്നാരമോനേ, നീ ബിസ്മി ചൊല്ലുക, വലതു കൈകൊണ്ട് ഭക്ഷിക്കുക, നിന്റെ മുന്നിൽനിന്ന് ഭക്ഷിക്കുക." (മുസ്‌ലിം)

മൂന്ന് കാര്യങ്ങളാണ് ഈ ഹദീഥിൽ പഠിപ്പിക്കുന്നത്:

1. ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നതിന് മുമ്പ് 'ബിസ്മില്ലാഹി' (അല്ലാഹുവിന്റെ നാമത്തിൽ) എന്നു പറയണം.

2. ഭക്ഷണ പാനീയങ്ങൾ വലതു കൈകൊണ്ടാണ് കഴിക്കേണ്ടത്. ഇന്ന് ഇതും വളരെ വിരളമായി മാത്രമാണ് കാണുന്നത്. ഭക്ഷണം വലതു കൈകൊണ്ട് കഴിക്കുകയും വെള്ളം ഇടതു കൈകൊണ്ട് കുടിക്കുകയും ചെയ്യുന്നവരാണ് അധികവും. അത്തരക്കാരോട് വലതുകൈകൊണ്ട് കുടിക്കൂ എന്ന് ഉപദേശിച്ചാൽ തന്നെയും അവർക്കുള്ള മറുപടി ഭക്ഷണം കഴിക്കുന്ന കൈകൊണ്ട് വെള്ളത്തിന്റെ ഗ്ലാസ്സിൽ പിടിച്ചാൽ ഭക്ഷണാവശിഷ്ടങ്ങൾ അതിൽ പിടിക്കും എന്നുള്ളതാണ്. എന്നാൽ ആ പറഞ്ഞതിൽ യാതൊരു കഴമ്പുമില്ലെന്ന് നമുക്ക് മനസ്സിലാകും. കാരണം നാം കഴിക്കുന്ന പാത്രങ്ങളാകട്ടെ, ഗ്ലാസ്സുകളാകട്ടെ കഴുകാൻ സോപ്പോ മറ്റോ ഉപയോഗിക്കുന്നതിനാൽ വൃത്തിയാക്കാൻ പ്രയാസമില്ല. അതല്ലെങ്കിൽ നാം കുടിക്കുന്ന ഗ്ലാസ്സ് ഡിസ്പോസിബിൾ ആയിരിക്കും. അതിനാൽ തന്നെ ഭക്ഷണാവശിഷ്ടങ്ങൾ ഗ്ലാസ്സിൽ പറ്റിപ്പിടിക്കുമെന്ന തോന്നൽ വേണ്ടതില്ല. അതിന്റെ പേരിലുള്ള അനാവശ്യ ലജ്ജയും ഒഴിവാക്കേണ്ടതാണ്. ആരോഗ്യ ശാസ്ത്രം പറയുന്നത് ഭക്ഷണത്തോടൊപ്പം വെള്ളം കുടിക്കരുതെന്നാണ്. ഭക്ഷണത്തിന് അര മണിക്കൂർ മുമ്പോ അര മണിക്കൂർ ശേഷമോ കുടിക്കലാണ് നല്ലത് എന്നാണ്. ഇത് പാലിക്കുന്നവർക്ക് മേൽ പറഞ്ഞ ന്യായീകരണം നടത്തേണ്ടിവരില്ലല്ലോ.

അബൂഹുറയ്റ(റ) നിവേദനം; നബി(സ) പറഞ്ഞു: "നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ വലതുകൈകൊണ്ട് ഭക്ഷിക്കുകയും കുടിക്കുമ്പോൾ വലതു കൈകൊണ്ട് കുടിക്കുകയും ചെയ്യുക. നിശ്ചയം ഇടതു കൈകൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്യുക പിശാചാണ്." (മുസ്‌ലിം)

ഉമർ(റ) നിവേദനം; റസൂൽ(സ) പറഞ്ഞു: "നിങ്ങളിലൊരാൾ ഭക്ഷിക്കുകയാണെങ്കിൽ തന്റെ വലതു കൈകൊണ്ട് ഭക്ഷിക്കട്ടെ. കുടിക്കുകയാണെങ്കിൽ



വലതുകൈകൊണ്ട് കുടിക്കുകയും ചെയ്യട്ടെ. തീർച്ചയായും ശൈത്വാനാണ് തന്റെ ഇടതുകൈകൊണ്ട് തിന്നുകയും ഇടതുകൈകൊണ്ട് കുടിക്കുകയും ചെയ്യുക.'' (മുസ്‌ലിം)

ഒരു വ്യക്തി അല്ലാഹുവിന്റെ റസൂലിനടുക്കൽ തന്റെ ഇടതുകൈകൊണ്ട് ഭക്ഷിച്ചു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: 'നിങ്ങളുടെ വലതുകൈകൊണ്ട് ഭക്ഷിക്കുക.' അയാൾ പറഞ്ഞു: 'എനിക്കു സാധിക്കുകയില്ല.' നബിﷺ പറഞ്ഞു: 'നിങ്ങൾക്ക് സാധിക്കാതിരിക്കട്ടെ.' അഹങ്കാരം മാത്രമാണ് അയാളെ വലതുകൈകൊണ്ട് ഭക്ഷിക്കുന്നത് തടഞ്ഞത്. പിന്നീട് അയാളുടെ ആ കൈ അയാൾ തന്റെ വായിലേക്ക് ഉയർത്തിയിട്ടില്ല.'' (മുസ്‌ലിം)

3. തന്റെ മുന്നിൽ നിന്ന് ഭക്ഷിക്കുക: ഒരു തളികയിലോ, സുപ്രവിരിച്ച് അതിന് നടുവിൽവെച്ച ഭക്ഷണത്തിൽ നിന്നോ ആണ് കഴിക്കുന്നതെങ്കിൽ അവനവന്റെ ഭാഗത്തുനിന്നാണ് തിന്നുതുടങ്ങേണ്ടത്.

ഇബ്നു അബ്ബാസ്ؓൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങൾ തളികയിൽ അതിന്റെ ചുറ്റു ഭാഗങ്ങളിൽനിന്ന് തിന്നുതുടങ്ങുക. നിങ്ങൾ അതിന്റെ മധ്യത്തിൽനിന്ന് തിന്നരുത്. കാരണം, ബറകത്ത് (അനുഗ്രഹം) അതിന്റെ മധ്യത്തിലാണ് ഇറങ്ങുക.'' (അഹ്മദ്)

ഭക്ഷണത്തളികയിൽ ഒരു ഇനം മാത്രമാണെങ്കിൽ തന്റെ മുന്നിൽനിന്ന് കഴിക്കുകയാണ് വേണ്ടത്. എന്നാൽ തളികയിൽ ഒന്നിലധികം വിഭവങ്ങളുണ്ടെങ്കിൽ അവയിരിക്കുന്ന ഭാഗങ്ങളിൽനിന്ന് എടുത്ത്കഴിക്കാവുന്നതാണ്. അപ്പോഴാണല്ലോ പാത്രത്തിലെ എല്ലാ വിഭവങ്ങളും കഴിക്കാനാവുക.

> **ഭക്ഷണം വലതു കൈകൊണ്ട് കഴിക്കുകയും വെള്ളം ഇടതുകൈകൊണ്ട് കുടിക്കുകയും ചെയ്യുന്നവരാണ് അധികവും. അത്തരക്കാരോട് വലതുകൈകൊണ്ട് കുടിക്കൂ എന്ന് ഉപദേശിച്ചാൽ തന്നെയും അവർക്കുള്ള മറുപടി ഭക്ഷണം കഴിക്കുന്ന കൈകൊണ്ട് വെള്ളത്തിന്റെ ഗ്ലാസ്സിൽ പിടിച്ചാൽ ഭക്ഷണാവശിഷ്ടങ്ങൾ അതിൽ പിടിക്കും എന്നുള്ളതാണ്. എന്നാൽ ആ പറഞ്ഞതിൽ യാതൊരു കഴമ്പുമില്ലെന്ന് നമുക്ക് മനസ്സിലാകും. കാരണം നാം കഴിക്കുന്ന പാത്രങ്ങളാകട്ടെ, ഗ്ലാസ്സുകളാകട്ടെ കഴുകാൻ സോപ്പോ മറ്റോ ഉപയോഗിക്കുന്നതിനാൽ വൃത്തിയാക്കാൻ പ്രയാസമില്ല. അതല്ലെങ്കിൽ നാം കുടിക്കുന്ന ഗ്ലാസ്സ് ഡിസ്പോസിബിൾ ആയിരിക്കും. അതിനാൽ തന്നെ ഭക്ഷണാവശിഷ്ടങ്ങൾ ഗ്ലാസ്സിൽ പറ്റിപ്പിടിക്കുമെന്ന തോന്നൽ വേണ്ടതില്ല. അതിന്റെ പേരിലുള്ള അനാവശ്യ ലജ്ജയും ഒഴിവാക്കേണ്ടതാണ്.**

## വസ്ത്രം ധരിക്കുമ്പോഴും അഴിക്കുമ്പോഴുമുള്ള പ്രാർഥനകൾ

അല്ലാഹു നമുക്ക് നൽകിയ അനേകം അനുഗ്രഹങ്ങളിൽ ഒന്നാണ് നാം ധരിക്കുന്ന വസ്ത്രം. അത് ഒരു അലങ്കാരമാണ്. മനുഷ്യന്റെ നഗ്നത മറക്കാനുള്ള വസ്തുവുമാണ്. ഓരോ രാജ്യത്തിനും ഓരോ സംസ്കാരമുണ്ട്. അവരുടെ സംസ്കാരം അവിടുത്തെ വസ്ത്രധാരണത്തിലും നമുക്ക് ദർശിക്കാം. എന്നാൽ വിശ്വാസികളെ സംബന്ധിച്ച് വസ്ത്രം കൊണ്ട് ഉദ്ദേശിക്കുന്നത് നിർബന്ധമായും നഗ്നത മറക്കുക എന്നതുതന്നെയാണ്. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക:

"ആദം സന്തതികളേ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നൽകിയിരിക്കുന്നു. ധർമനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണു കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ച് മനസ്സിലാക്കാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളിൽ പെട്ടതത്രെ അത്.'' (7:26)

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല.'' (7:31)

നഗ്നത പ്രകടിപ്പിച്ചുകൊണ്ട് ആരാധനാ കർമങ്ങൾ നിർവഹിക്കുന്ന സമ്പ്രദായം അജ്ഞാനകാലത്തെ അറബികൾക്കിടയിൽ ഉണ്ടായിരുന്നു. അത്തരം പ്രവണത തീർത്തും നിഷിദ്ധമാണെന്ന് ഇസ്‌ലാം വ്യക്തമാക്കുന്നു. ആരാധനാകർമങ്ങൾ നിർവഹിക്കുമ്പോൾ വസ്ത്രം ധരിക്കാനും തിന്നുമ്പോഴും കുടിക്കുമ്പോഴും മിതത്വം പാലിക്കാനുമുള്ള അല്ലാഹുവിന്റെ നിർദേശമാണിത്. ഈ കാര്യങ്ങളിൽ അതി




രു കവിഞ്ഞവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല എന്നും ഉണർത്തുന്നു.

നബിﷺ പറഞ്ഞു: "അമിതവ്യയവും ധൂർത്തും ഇല്ലാതെ നിങ്ങൾ തിന്നുകയും കുടിക്കുകയും വസ്ത്രം ധരിക്കുകയും ദാനധർമം നിർവഹിക്കുകയും ചെയ്യുക." (ബുഖാരി)

"...നിങ്ങളെ ചൂടിൽനിന്നു കാത്തുരക്ഷിക്കുന്ന ഉടുപ്പുകളും നിങ്ങൾ അന്യോന്യം നടത്തുന്ന ആക്രമണത്തിൽനിന്ന് നിങ്ങളെ കാത്തുരക്ഷിക്കുന്ന കവചങ്ങളും അവൻ നിങ്ങൾക്കു നൽകിയിരിക്കുന്നു. അപ്രകാരം അവന്റെ അനുഗ്രഹം അവൻ നിങ്ങൾക്ക് നിറവേറ്റിത്തരുന്നു; നിങ്ങൾ (അവന്ന്) കീഴ്പെടുന്നതിന് വേണ്ടി." (ക്വുർആൻ 16:81)

ഇസ്‌ലാമിൽ പുരുഷനും സ്ത്രീക്കും വ്യത്യസ്ത വസ്ത്രധാരണ രീതിയാണുള്ളത്. അവ അവരുടെ നഗ്നത മറയ്ക്കുന്ന രൂപത്തിലുമാണ്.

പുരുഷനാകട്ടെ, സ്ത്രീയാകട്ടെ പുതുവസ്ത്രം ധരിക്കുമ്പോഴും, സാധാരണ വസ്ത്രം ധരിക്കുന്ന വേളകളിലും, വസ്ത്രം അഴിച്ചുവെക്കുന്ന സന്ദർഭത്തിലും പ്രാർഥിക്കേണ്ട പ്രാർഥനകൾ നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

### പുതുവസ്ത്രം ധരിക്കുമ്പോഴുള്ള പ്രാർഥന:

അബൂസഈദിൽ ഖുദ്‌രിയ്യി(റ) നിവേദനം ചെയ്യുന്ന ഹദീഥിൽ നബിﷺ പുതുവസ്ത്രം ധരിക്കുമ്പോൾ നടത്തിയിരുന്ന പ്രാർഥന ഇപ്രകാരം വന്നിട്ടുണ്ട്: "അല്ലാഹുമ്മ ലകൽഹംദു അൻത കസൗവ്തനീഹി, അസ്അലുക മിൻ ഖൈരിഹി വഖയ്‌രി മാ സ്വുനിഅ ലഹു, വ അഊദുബിക മിൻ ശർരിഹി വശർരിമാ സ്വുനിഅ ലഹു." (അബൂദാവൂദ്)

സാരം: 'അല്ലാഹുവേ, നിനക്ക് മാത്രമാണ് സ്തുതികൾ മുഴുവനും. നീയാണ് ഇത് എന്നും ധരിപ്പിച്ചത്. ഇതിന്റെ നന്മയും ഇത് ഏതൊന്നിനുവേണ്ടി നിർമിക്കപ്പെട്ടുവോ അതിന്റെ നന്മയും നിന്നോട് ഞാൻ തേടുന്നു. ഇതിന്റെ തിന്മയിൽനിന്നും ഇത് ഏതൊന്നിന് വേണ്ടി നിർമിക്കപ്പെട്ടുവോ അതിന്റെ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.'

### വസ്ത്രം ധരിക്കുമ്പോഴുള്ള പ്രാർഥന:

"അൽഹംദുലില്ലാഹില്ലദീ കസാനീ ഹാദാ വറസഖനീഹി മിൻ ഗൈരി ഹൗവ്‌ലിം മിന്നീ വലാ ക്വുവ്വഃ"

സാരം: 'എന്നിൽനിന്നുള്ള യാതൊരു കഴിവും ശേഷിയും കൂടാതെ ഈ വസ്ത്രം എന്നെ ധരിപ്പിക്കുകയും ഇത് എനിക്ക് പ്രദാനം ചെയ്യുകയും ചെയ്ത അല്ലാഹുവിന് മാത്രമാകുന്നു സർവസ്തുതികളും.'

വസ്ത്രം ധരിക്കുന്നവൻ ഇപ്രകാരം പറഞ്ഞാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുമെന്ന് ഇമാം അബൂദാവൂദും ദാരിമിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### വസ്ത്രം അഴിക്കുമ്പോഴുള്ള പ്രാർഥന:

'ബിസ്മില്ലാഹി' എന്നു പറഞ്ഞുകൊണ്ട് വസ്ത്രം അഴിച്ചുവെക്കൽ പ്രവാചക സുന്നത്തിൽപെട്ടതാണെന്ന് ഇമാം തിർമുദി റിപ്പോർട്ട് ചെയ്ത ഹദീഥിൽ വന്നിട്ടുണ്ട്.

ശമീർ മദീനി
shameermadeeni@gmail.com

69 വിവർത്തനം

# ആരാധനകൾക്ക് ഒരാമുഖം

ഭാഗം: 29

ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം

**എഴുപത്തിയൊന്ന്:** വഴിയിലും വീട്ടിലും യാത്രാവേളയിലും നാട്ടിലായിരിക്കുമ്പോഴും മറ്റു ഭൂപ്രദേശങ്ങളിലുമൊക്കെ വെച്ച് നിരന്തരമായി ദിക്ർ ചെയ്തുകൊണ്ടിരിക്കുമ്പോൾ അന്ത്യനാളിൽ ആ അടിമക്ക് അനുകൂലമായ ധാരാളം സാക്ഷികളുണ്ടായിത്തീരും. നിശ്ചയം ആ ഭൂപ്രദേശങ്ങളും വീടും മലയും നാടുകളുമൊക്കെ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ദിക്ർ ചെയ്ത ആൾക്ക് അനുകൂലമായി സാക്ഷി പറയും.

അല്ലാഹു പറയുന്നു: "ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ-അതിന്റെ ഭയങ്കരമായ ആ പ്രകമ്പനം. ഭൂമി അതിന്റെ ഭാരങ്ങൾ പുറം തള്ളുകയും അതിന് എന്തുപറ്റി എന്ന് മനുഷ്യൻ പറയുകയും ചെയ്താൽ. അന്നേദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്. നിന്റെ രക്ഷിതാവ് അതിന് ബോധനം നൽകിയത് നിമിത്തം" (99:1-5).

അബൂഹുറയ്റ ﷺ നിവേദനം: നബി ഈ വചനം (99:4) ഓതിയിട്ടു പറഞ്ഞു: "എന്താണ് അതിന്റെ വാർത്തകൾ എന്ന് നിങ്ങൾക്കറിയുമോ?" സ്വഹാബിമാർ പറഞ്ഞു അല്ലാഹുവും അവന്റെ റസൂലുമാണ് കൂടുതൽ അറിയുക." നബിﷺ പറഞ്ഞു: "ഭൂമിയുടെ വാർത്തകൾ എന്ന് പറഞ്ഞത് ഭൂമുഖത്തു വെച്ച് ഏതൊരാളും ചെയ്ത കർമത്തെ സംബന്ധിച്ച് ഭൂമി സാക്ഷി പറയുന്നതിനെക്കുറിച്ചാണ്. ഇന്ന ദിവസം ഇന്ന വ്യക്തി ഇന്നയിന്ന കാര്യങ്ങളൊക്കെ ചെയ്തു എന്ന് അത് വിളിച്ച് പറയും." ഈ ഹദീഥ് ഉദ്ധരിച്ച ശേഷം ഇമാം തുർമുദി പറഞ്ഞു: 'ഈ ഹദീഥ് ഹസനും സഹീഹുമാകുന്നു.' (അഹ്മദ്, തിർമുദി, നസാഇൗ മുതലായവർ ഉദ്ധരിച്ചത്. എല്ലാവരുടെയും സനദ് കടന്നുപോകുന്നത് യഹ്യബ്നു അബീ സുലൈമാൻ എന്ന വ്യക്തിയിലൂടെയാണ്. അദ്ദേഹമാകട്ടെ ദുർബലനാണ് താനും. ഇബ്നു ഹിബ്ബാനും ഹാകിമും ഈ ഹദീഥ് സ്വഹീഹാണെന്ന് പറയുന്നു. എന്നാൽ ദഹബി അതിനെ എതിർക്കുന്നു. അദ്ദേഹം പറഞ്ഞു: 'ഈ പരമ്പരയിലെ യഹ്യ എന്ന വ്യക്തി മുൻകറുൽ ഹദീഥ് (ഏറെ ദുർബലൻ) ആകുന്നു എന്ന് ഇമാം ബുഖാരി പറഞ്ഞിട്ടുണ്ട്- കുറിപ്പുകാരൻ).

അല്ലാഹുവിനെ വേവ്വേറെ സ്ഥലങ്ങളിൽവെച്ച് ദിക്ർ ചെയ്യുന്ന വ്യക്തി തന്റെ സാക്ഷികളെ അധികരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവയെല്ലാം അദ്ദേഹത്തിന് അനുകൂലമായി സാക്ഷി പറഞ്ഞുകൊണ്ട് അന്ത്യനാളിൽ അദ്ദേഹത്തെ സ്വീകരിക്കും. അപ്പോൾ അവയുടെ സാക്ഷ്യംകൊണ്ട് അയാൾ ഏറെ സന്തോഷിക്കുകയും ആഹ്ലാദിക്കുകയും ചെയ്യും.

**എഴുപത്തിരണ്ട്:** തീർച്ചയായും ദിക്റുകളിൽ ഒരാൾ വ്യാപൃതമാകുമ്പോൾ ഏഷണി, പരദൂഷണം, അനാവശ്യസംസാരം, ജനങ്ങളെ അനാവശ്യമായി സ്തുതിക്കുകയോ ആക്ഷേപിക്കുക ചെയ്യൽ പോലുള്ള നിരർഥകമായ അനേകം സംസാരങ്ങളിൽ നിന്ന് വിട്ടു നിൽക്കാൻ സാധിക്കും. നാവ് ഒരിക്കലും അടങ്ങിയിരിക്കില്ല. ഒന്നുകിൽ നല്ലത് സംസാരിക്കുന്ന ദിക്റിന്റെ നാവ്, അല്ലെങ്കിൽ അനാവശ്യങ്ങൾ സംസാരിക്കുന്ന അശ്രദ്ധയുടെ നാവ്. രണ്ടിലൊന്ന് അനിവാര്യമാണ്. മനസ്സിനെ നീ നന്മകളിൽ വ്യാപൃതമാക്കിയില്ലെങ്കിൽ അത് നിന്നെയുംകൊണ്ട് നിരർഥകമായ കാര്യങ്ങളിൽ വ്യാപൃതമാകും. ഹൃദയം അല്ലാഹുവിനോടുള്ള സ്നേഹത്താൽ ശാന്തമായില്ലെങ്കിൽ ഉറപ്പായും സൃഷ്ടികളോടുള്ള സ്നേഹത്തിലേക്കത് വഴുതിവീഴും. അതുപോലെയാണ് നാവും. നീ അതിനെ ദിക്റിൽ വ്യാപൃതമാക്കിയില്ലെങ്കിൽ നിന്നെ അത് അനാവശ്യങ്ങളിൽ മുഴുകുന്നവനാക്കും. അത് നിനക്ക് എതിരായി വരുമെന്നതിൽ സംശയമില്ല. അതിനാൽ രണ്ടിൽ ഏത് മാർഗമാണ് നിനക്ക് വേണ്ടതെന്ന് നീ തീരുമാനിക്കുക.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം



അധ്യായം: 52, ഭാഗം 1

# അത്ത്വൂർ

(മക്കയിൽ അവതരിച്ചത്)

1. ത്വൂർ പർവതം തന്നെയാണ, സത്യം.
2. എഴുതപ്പെട്ട ഗ്രന്ഥം തന്നെയാണ, സത്യം,
3. നിവർത്തിവെച്ച തുകലിൽ.
4. അധിവാസമുള്ള മന്ദിരം തന്നെയാണ, സത്യം.
5. ഉയർത്തപ്പെട്ട മേൽപുര (ആകാശം) തന്നെയാണ, സത്യം.
6. നിറഞ്ഞ സമുദ്രം തന്നെയാണ, സത്യം.
7. തീർച്ചയായും നിന്റെ രക്ഷിതാവിന്റെ ശിക്ഷ സംഭവിക്കുന്നത് തന്നെയാകുന്നു.
8. അതു തടുക്കുവാൻ ആരുംതന്നെയില്ല.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَٱلطُّورِ ﴿١﴾

وَكِتَٰبٍ مَّسۡطُورٍ ﴿٢﴾

فِي رَقٍّ مَّنشُورٍ ﴿٣﴾

وَٱلۡبَيۡتِ ٱلۡمَعۡمُورِ ﴿٤﴾

وَٱلسَّقۡفِ ٱلۡمَرۡفُوعِ ﴿٥﴾

وَٱلۡبَحۡرِ ٱلۡمَسۡجُورِ ﴿٦﴾

إِنَّ عَذَابَ رَبِّكَ لَوَٰقِعٌ ﴿٧﴾

مَّا لَهُۥ مِن دَافِعٍ ﴿٨﴾

1). ഈ മഹത്തായ കാര്യങ്ങളെല്ലാം സത്യം ചെയ്തുകൊണ്ട് പറയുന്നത് സത്യവിശ്വാസികൾക്കും സത്യനിഷേധികൾക്കുമുള്ള പ്രതിഫലത്തെയും ഉയിർത്തെഴുന്നേൽപിനെയുമെല്ലാം ഉൾക്കൊള്ളുന്ന ചില മഹത്തായ വിധികളാണ്. ത്വൂർ പർവതത്തെക്കൊണ്ട് സത്യം ചെയ്യുന്നു. മൂസബ്നു ഇംറാൻعليه السلام നോട് അല്ലാഹു സംസാരിച്ച പർവതമാണത്. ചില മതവിധികളെക്കുറിച്ചുള്ള സന്ദേശം നൽകി. അതിൽ അദ്ദേഹത്തോടും സമുദായത്തോടുമുള്ള കാരുണ്യമുണ്ട്. അല്ലാഹുവിന്റെ മഹത്തായ ഒരു ദൃഷ്ടാന്തമാണത്. വിലയോ എണ്ണമോ കണക്കാക്കാൻ കഴിയാത്തത്ര അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ.

2). (എഴുതപ്പെട്ട ഗ്രന്ഥം തന്നെയാണ് സത്യം). ഉദ്ദേശ്യം (സുരക്ഷിത ഫലകം) ആവാം. അതിലാണ് അല്ലാഹു എല്ലാം രേഖപ്പെടുത്തിയത്. ക്വുർആൻ ആവാനും സാധ്യതയുണ്ട്. ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് അതാണ്. ആദ്യകാലക്കാരുടെയും പിൽക്കാലക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന, കഴിഞ്ഞു പോയവരുടെയും വരാൻ പോകുന്നവരുടെയും അറിവുകളടങ്ങിയ ഗ്രന്ഥം.

3). (തുകലിൽ) അതായത് ഏട്. (നിവർത്തപ്പെട്ട) അതായത് എഴുതപ്പെട്ട, രേഖപ്പെടുത്തപ്പെട്ട, അവ്യക്തതകളില്ലാതെ പ്രകടമായത്, എല്ലാ ബുദ്ധിയുള്ളവർക്കും ഉൾക്കാഴ്ചയുള്ളവർക്കും അവ്യക്തതയില്ലാത്തത്.

4). (അധിവാസമുള്ള മന്ദിരം) ഏഴാനാകാശത്തിന് മുകളിലുള്ള ഭവനമാണത്. അതിൽ ആദരണീയരായ മലക്കുകൾ സദാസമയവും നിറഞ്ഞുനിൽക്കുന്നു. എല്ലാ ദിവസവും എഴുപതിനായിരം മലക്കുകൾ അതിൽ പ്രവേശിക്കുന്നു. തങ്ങളുടെ രക്ഷിതാവിന് അവർ ആരാധന ചെയ്യുന്നു. അവർ അന്ത്യനാൾവരെ പിന്നീട് അതിലേക്ക് മടങ്ങുന്നില്ല. മറ്റൊരഭിപ്രായം, അല്ലാഹുവിന്റെ ഭവനമായ ബൈതുൽഹറാമാണ് ബൈതുൽ മഅ്മൂർ എന്നാണ്. ത്വവാഫ് ചെയ്യുന്നവർ, നമസ്കരിക്കുന്നവർ, സദാ സ്മരിക്കുന്നവർ എന്നിവരാൽ അതെപ്പോഴും നിറഞ്ഞുനിൽക്കുന്നതാണ്. ഹജ്ജിനും ഉംറയ്ക്കും വരുന്ന നിവേദകസംഘങ്ങളെക്കൊണ്ടും. അല്ലാഹു സത്യംചെയ്ത് പറഞ്ഞതുപോലെ. (ഈ നിർഭയ രാജ്യത്തെക്കൊണ്ടും തന്നെയാണ സത്യം-സൂറതുത്തീൻ 3). ഭൂമിയിലെ ഭവനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് കഅ്ബയാണെന്നത് സത്യമാണ്. ഹജ്ജിനും ഉംറയ്ക്കും ജനങ്ങൾ ലക്ഷ്യംവെക്കുന്നത് അതാണ്. ഹജ്ജ് ഇസ്‌ലാമിന്റെ മഹത്തായ സ്തംഭങ്ങളിൽ ഒന്നാണ്. അതില്ലാതെ ഇസ്‌ലാം പൂർത്തിയാവില്ല. ഇബ്‌റാഹീം നബിعليه السلامയും ഇസ്മാഈൽ നബിعليه السلامയും കൂടിയാണ് അത് നിർമിച്ചത്. ആ ഭവനത്തെ അല്ലാഹു ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലവും ഒരു സുരക്ഷിത കേന്ദ്രവുമായി നിശ്ചയിച്ചു. അതിനെക്കൊണ്ടാണ് അല്ലാഹു സത്യം ചെയ്ത് പറഞ്ഞത്. അതിന്റെ മഹത്ത്വത്തിനും പരിശുദ്ധിക്കും യോജിച്ച വിധത്തിൽ അതിന്റെ മഹത്ത്വം അവൻ വ്യക്തമാക്കുന്നു.



5). (ഉയർത്തപ്പെട്ട മേൽപ്പുര തന്നെയാണ് സത്യം). ആകാശത്തെ അല്ലാഹു സൃഷ്ടികൾക്ക് ഒരു മേൽക്കൂരയും ഭൂമിക്ക് വെളിച്ചം നൽകുന്ന മേൽപ്പുരയും അതിലുള്ള അടയാളങ്ങളും നക്ഷത്രങ്ങളും വഴി കണ്ടെത്താനുള്ളതുമാക്കി. വ്യത്യസ്ത ഭക്ഷണങ്ങളും കാരുണ്യവും മഴയും അല്ലാഹു അതിൽ നിന്നിറക്കുന്നു.

6). (നിറഞ്ഞ സമുദ്രം തന്നെയാണ് സത്യം) വെള്ളം നിറഞ്ഞുനിൽക്കുന്നത്. അല്ലാഹു കടലിനെ നിറക്കുകയും എന്നാൽ വെള്ളം കരയിലേക്കൊഴുകാതെ തടഞ്ഞുനിർത്തുകയും ചെയ്യുന്നു; അതിന്റെ പ്രകൃതിയനുസരിച്ച് ഭൂമിയെ മൂടേണ്ട അവസ്ഥയുണ്ടായിട്ടും. എന്നാൽ അല്ലാഹുവിന്റെ യുക്തി അതിന്റെ ഒഴുക്കിനെ തടഞ്ഞ് നിർത്തുന്നതാണ്; ഭൂമിക്ക് മുകളിൽ വ്യത്യസ്തങ്ങളായ ജീവജാലങ്ങൾ ജീവിക്കുന്നതിനുവേണ്ടി. മറ്റൊരു വ്യാഖ്യാനം 'മസ്ജൂർ' എന്നാൽ കത്തിക്കപ്പെടുന്നത് എന്നതാണ്. അങ്ങനെ അന്ത്യനാളിൽ ശിക്ഷക്കായി തീ നിറഞ്ഞ വിശാലമായൊരു സ്ഥലമായി അത് മാറും.

7). ഈ പറഞ്ഞ സത്യങ്ങളെല്ലാം അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളും അവന്റെ ഏകത്വത്തിന്റെ തെളിവും അവന്റെ കഴിവിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും രേഖയുമാണ്. അതാണ് അല്ലാഹു പറഞ്ഞത്: (തീർച്ചയായും നിന്റെ രക്ഷിതാവിന്റെ ശിക്ഷ സംഭവിക്കുന്നത് തന്നെയാകുന്നു). അത് സംഭവിക്കാതെ പറ്റില്ല. അല്ലാഹു അവന്റെ വാക്കും വാഗ്ദാനവും തെറ്റിക്കില്ല.

8) (അത് തടുക്കുന്നവൻ ആരും തന്നെയില്ല). അതിനെ പ്രതിരോധിക്കുന്നവനായി. അതിനെ തടസ്സപ്പെടുത്തുന്ന ഒന്നുമില്ല. കാരണം അല്ലാഹുവിന്റെ ശക്തി; അതിനെ അതിജയിക്കുന്നവനില്ല. അതിൽനിന്ന് ഓടി രക്ഷപ്പെടുന്നവനുമില്ല.



ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# അല്ലാഹുവിന്റെ ഇടപെടൽ

**മുഹമ്മദ് നബിﷺ 48**

നബിﷺ ചില യാത്രകളിൽ ഭാര്യമാരിൽ ഒരാളെ കൂടെ കൊണ്ടുപോകാറുണ്ട്. സ്വന്തം ഇഷ്ടത്തിനനുസരിച്ച് ഒരാളെ തെരഞ്ഞെടുത്താൽ മറ്റുള്ളവർക്ക് അതിൽ വിഷമം ഉണ്ടാകുക സ്വാഭാവികം. അതിനാൽ നറുക്കെടുത്താണ് ഒരാളെ തെരഞ്ഞെടുക്കുക. ബനുൽ മുസ്ത്വലക് യുദ്ധത്തിന് പുറപ്പെടുമ്പോൾ നറുക്ക് വീണത് ആഇശؓക്കായിരുന്നു. ഒട്ടകത്തിന്റെ പുറത്ത് ഭാരം കുറഞ്ഞ, നാല് ഭാഗത്തുനിന്നും മറച്ചിട്ടുള്ള ഒരു കൂടാരത്തിൽ അവരെ ഇരുത്തി. ഒട്ടകം അവരെയും ചുമന്ന് യാത്ര തുടർന്നു. യുദ്ധം കഴിഞ്ഞ് എല്ലാവരും മടങ്ങി. മദീനയുടെ അടുത്ത് എത്താറായപ്പോൾ രാത്രിയായി. ഒട്ടകത്തിന് യാത്ര ചെയ്യാൻ പ്രയാസമായി. അന്നേരം യാത്ര നിറുത്തി എല്ലാവരും വിശ്രമത്തിലായി.

നബിﷺയും സ്വഹാബിമാരും വിശ്രമിക്കാൻ ഇറങ്ങിയ സ്ഥലത്തുനിന്നും യാത്ര തുടരാൻ അറിയിപ്പ് വന്നു. അപ്പോഴേക്കും ആഇശؓ തന്റെ കൂടാരത്തിൽനിന്നും എ

ഴുന്നേറ്റ് കുറച്ച് അപ്പുറത്തേക്ക് വിസർജനാവശ്യത്തിനായി പോയിരുന്നു. കൂട്ടത്തിലുള്ളവർക്ക് കാണാൻ സാധിക്കാത്തത്ര ദൂരത്തേക്കാണ് അവർ പോയത്. ആവശ്യനിർവഹണം കഴിഞ്ഞ് തിരിച്ചു വന്നപ്പോഴാണ് മാല നഷ്ടപ്പെട്ട വിവരം അവർ അറിയുന്നത്. ഉടനെ അത് തിരഞ്ഞുനടന്നു. തിരിച്ചു വന്നപ്പോഴേക്കും സൈന്യം അവിടുന്ന് യാത്ര പുറപ്പെട്ടിരുന്നു. അവരുടെ കൂടാരം ഒട്ടകപ്പുറത്ത് കയറ്റി വെക്കുകയും അവർ അതിനെ തെളിച്ചു കൊണ്ടുപോകുകയും ചെയ്തു. ആഇശ ﵂ അതിൽ ഉണ്ടെന്നാണ് അവർ കരുതിയത്. അന്ന് അവർ നന്നേ ഭാരം കുറഞ്ഞവരായിരുന്നു. അതിനാൽ അവർ ഇല്ലാത്തത് സ്വഹാബിമാർക്ക് മനസ്സിലാക്കാനും സാധിച്ചില്ല.

മറഞ്ഞ കാര്യം അല്ലാഹുവിന് മാത്രമെ അറിയൂ എന്നും അത് സൃഷ്ടികളിൽ ഒരാൾക്കും അറിയില്ല എന്നും ഈ സംഭവം നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. മഹാനായ നബി ﷺ യും സ്വഹാബിമാരും അടങ്ങുന്ന ഏറ്റവും വലിയ മഹത്തുക്കൾ അടങ്ങുന്ന സംഘത്തിലാണ് ഈ സംഭവം നടക്കുന്നത് എന്നോർക്കുക. തങ്ങൾ ഒട്ടകപ്പുറത്ത് കയറ്റിവെച്ച കുടാരത്തിൽ ആഇശ ﵂ ഇല്ല എന്ന് തിരിച്ചറിയാൻ മഹാന്മാരായ സ്വഹാബിമാർക്ക് സാധിച്ചില്ല.

ആഇശ ﵂ തിരിച്ചുവന്നപ്പോൾ ആരെയും കണ്ടില്ല. മഹതി അവിടെ തനിച്ചായി. ആരെങ്കിലും വരുമെന്ന് വിചാരിച്ച് അവർ അവിടെത്തന്നെ ഇരുന്നു. ആ കാത്തിരിപ്പിനിടയിൽ ക്ഷീണത്താൽ അവർ ഉറങ്ങിപ്പോയി. അതിനിടയിൽ 'ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ' എന്ന വാക്കു കേട്ട് ആഇശ ﵂ ഞെട്ടിയുണർന്നു. അപ്പോൾ അവരുടെ മുന്നിൽ സ്വഫ്‌വാൻ ﵁ നിൽക്കുന്നതാണ് കണ്ടത്.

ഒരു സംഘവുമായി നബി ﷺ യാത്ര പോകുമ്പോൾ അവിടുത്തേക്ക് ഒരു പതിവുണ്ടായിരുന്നു. സംഘത്തിന്റെ മുമ്പിൽ കുറേ ദൂരെയായി ഒരാളെ അയക്കും. ശത്രുക്കൾ ആരെങ്കിലും ഉണ്ടോ എന്നും അപകടം വല്ലതും ഉണ്ടോ എന്നുമെല്ലാം അറിയാനായിരുന്നു ഇത്. അതുപോലെ പിന്നിലും ഒരാളെ നിശ്ചയിക്കും. വല്ലതും നഷ്ടപ്പെടുകയോ വീണുപോകുകയോ മറന്നുവെക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് എടുത്തു കൊണ്ടുവരാനായിരുന്നു ഇത്. ബനുൽ മുസ്ത്വലക് യുദ്ധം കഴിഞ്ഞ് മടങ്ങുമ്പോൾ പിന്നിൽ നിരീക്ഷണത്തിനായി നബി ﷺ നിശ്ചയിച്ച സ്വഹാബിയായിരുന്നു സ്വഫ്‌വാൻ ﵁.

ആഇശ ﵂ ഇരിക്കുന്ന സ്ഥലത്ത് ഒരു കറുത്ത രൂപം അദ്ദേഹം ദൂരെനിന്നും കാണുകയുണ്ടായി. അടുത്തെത്തിയപ്പോൾ അദ്ദേഹത്തിന് ആളെ തിരിച്ചറിഞ്ഞു. ഹിജാബിന്റെ നിയമം ഇറങ്ങുന്നതിന് മുമ്പ് അവരെ അദ്ദേഹം കണ്ടിരുന്നു. ഉടനെ അദ്ദേഹം ഇസ്തിർജാഅ് (ഇന്നാലില്ലാഹ്... എന്ന് പറയൽ) ചൊല്ലിയപ്പോൾ ആഇശ ﵂ ഞെട്ടിയുണർന്നു. അവരുടെ മൂടുവസ്ത്രം മുഖത്തിലൂടെ താഴേക്ക് ഇറക്കി മറച്ചു. അദ്ദേഹം ആഇശ ﵂ യോട് ഒരു വാക്കുപോലും ഉരിയാടിയതില്ല. സ്വഫ്‌വാൻ ﵁ തന്റെ ഒട്ടകത്തെ മുട്ടുകുത്തിക്കുകയും ആഇശ ﵂ ക്ക് അതിന്റെ മുകളിൽ കയറാൻ അതിനെ തരപ്പെടുത്തുകയും ചെയ്തു. അങ്ങനെ സ്വഫ്‌വാൻ ﵁ ഒട്ടകത്തെയും തെളിച്ച് മദീനയിലേക്ക് നീങ്ങി.

നബി ﷺ യുടെയും അനുചരന്മാരുടെ സംഘ ശക്തിയെ നശിപ്പിക്കാൻ ആവുന്ന വേലകളെല്ലാം ഒപ്പിച്ച അബ്ദുല്ലയും സംഘവും ഈ അവസരം മുതലെടുത്ത് പ്രവാചക പത്നി ആഇശ ﵂ യുടെയും സ്വഫ്‌വാനി ﵁ ന്റെയും പേരിൽ വ്യഭിചാര ആരോപണം പരത്താൻ തുടങ്ങി. സത്യവും അസത്യവും തിരിച്ചറിയാൻ സാധിക്കാതെ പല നല്ലവരായ ആളുകളും ഈ പ്രചാരണത്തിൽ അകപ്പെടുകയുണ്ടായി. എന്ത് കുപ്രചാരണങ്ങൾ ഉണ്ടായാലും വസ്തുത അന്വേഷിച്ചറിയാതെ അത് ഏറ്റെടുക്കുന്ന പലരും ഉണ്ടാകുമല്ലോ. അവസാനം അവർ മനസ്സിലാക്കിയതിന് എതിരായി കാര്യങ്ങൾ ഉരിത്തിരിഞ്ഞ് വരുമ്പോഴേക്കും കാര്യം പിടിവിട്ടിട്ടുണ്ടാകും.

മദീനയിൽ എത്തിയ ആഇശഃ ﵂ ഒരു മാസക്കാലം രോഗിയായി കിടപ്പിലായി. അത്രയും വലിയ യാത്ര കഴിഞ്ഞാണല്ലോ അവർ എത്തുന്നത്. ഈ കാലത്ത് നാട്ടിൽ അവരെ സംബന്ധിച്ച് ഈ വ്യാജ വാർത്ത പരന്നുകൊണ്ടേയിരുന്നു. പാവം, മഹതി ഇത് അറിയുന്നില്ല. നബി ﷺ ക്ക് തന്നോട് എന്തോ അകൽച്ചയുള്ളത് പോലെ ഒരു സംശയം അവരുടെ മനസ്സിൽ തോന്നി. സാധാരണ മഹതിക്ക് എന്തെങ്കിലും രോഗം ബാധിച്ചാൽ അടുത്തുചെന്ന് സുഖ വിവരങ്ങൾ അന്വേഷിക്കുകയും കുറേസമയം സംസാരിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ, ഈ സമയത്ത് പ്രവാചകന്റെ പെരുമാറ്റം അങ്ങനെയല്ല. വാതിൽക്കൽ വരെ വരും. സലാം പറയും. വിവരം അന്വേഷിക്കും. തിരിച്ചുപോകും.

ഒരു ദിവസം ആഇശ ﵂ പ്രാഥമിക ആവശ്യത്തിനായി പുറത്തുകടന്നു. അവരുടെ സഹായത്തിനായി കൂടെ ഉമ്മു മിസ്ത്വഹും ﵂ ഉണ്ട്. അവർ ആഇശ ﵂ യുടെ അടുത്ത് വെച്ച് മിസ്ത്വഹ് നശിക്ക

ട്ടെ, എന്ന് ആവർത്തിച്ച് പറയുന്നത് ആഇശ കേൾക്കുകയുണ്ടായി. സ്വന്തം മകനെ സംബന്ധിച്ച് ഉമ്മ ഇപ്രകാരം പറയുന്നത് കേട്ടപ്പോൾ ആഇശ അതിനെ പറ്റി അന്വേഷിച്ചു. ബദ്റിൽ പങ്കെടുത്ത ഒരാളല്ലേ മിസ്ത്വഹ്? അദ്ദേഹത്തെ പറ്റി ഇങ്ങനെ പറയുന്നുവോ? 'അവൻ എന്തെല്ലാമാണ് പറയുന്നത് എന്ന് മോളേ നിനക്ക് അറിയില്ലല്ലോ' എന്ന് മാത്രം അവർ മറുപടി പറഞ്ഞു.

തന്നെയും സ്വഫ്വാനെയും സംബന്ധിച്ച് മദീനയിൽ അപവാദ പ്രചാരണം നടക്കുന്ന വിവരം വൈകിയാണ് ആഇശ അറിയുന്നത്. അതോടെ അവരുടെ രോഗം മൂർച്ഛിക്കുകയും ചെയ്തു. അങ്ങനെ നബി ആഇശയുടെ അടുത്ത് പ്രവേശിച്ചപ്പോൾ തന്റെ വീട്ടിലേക്ക് പോകാനായി അവിടുത്തോട് അനുവാദം ചോദിച്ചു. നബി അനുവാദം നൽകുകയും ചെയ്തു. അവരുടെ അടുത്ത് എത്തിയാൽ ഈ വാർത്തയുടെ സത്യാവസ്ഥ എന്താണെന്ന് അറിയാമല്ലോ എന്നാണ് ആഇശ വിചാരിച്ചത്. വീട്ടിൽ എത്തി. ഉമ്മയോട് കാര്യം തിരക്കി. ഉമ്മ പറഞ്ഞു: 'മോളേ, നീ അത് സാരമാക്കേണ്ടതില്ല. സ്നേഹത്തോടെ ഒരു ഭാര്യയും ഭർത്താവും കഴിയുമ്പോൾ അതിൽ അസൂയ വെച്ചു പുലർത്തുന്ന പലരുമുണ്ടാകും. അത് തകർന്ന് കാണാൻ ആശിക്കുന്നവർ പലതും പറയും.' ഇത് കേട്ട ആഇശ അല്ലാഹുവിനെ പരിശുദ്ധിപ്പെടുത്തുകയും ജനങ്ങൾ അപവാദം പറയുന്നുണ്ട് എന്ന കാര്യം സത്യമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. ദുഃഖം സഹിക്കവയ്യാതെ അന്ന് നേരം പുലരുവോളം അവർ കരഞ്ഞുകൊണ്ടേയിരുന്നു.

ഈ കാര്യത്തിൽ തീർപ്പ് അറിയിച്ചുകൊണ്ടുള്ള വഹ്‌യും വരുന്നില്ല. എന്ത് ചെയ്യണം എന്ന് അറിയാതെ നബി പല സ്വഹാബിമാരോടും കൂടിയാലോചന നടത്തി. അലിയോടും ഉസാമയോടും കൂടിയാലോചിച്ചു. ഉസാമ അവരെ സംബന്ധിച്ച് എനിക്ക് നല്ലതല്ലാതെ അറിയില്ല എന്ന് പറഞ്ഞു. നബിയേ, അല്ലാഹു താങ്കളെ പ്രയാസപ്പെടുത്തിയിട്ടില്ലല്ലോ. അവരല്ലാത്ത എത്രയോ സ്ത്രീകളുണ്ടല്ലോ എന്നതായിരുന്നു അലിയുടെ പ്രതികരണം. അവിടെ വേലക്കാരിയായി ഉണ്ടായിരുന്ന ഒരു സ്ത്രീയായിരുന്നു ബരീറ. അവളോട് അങ്ങ് ചോദിച്ചാൽ ആഇശയെ പറ്റിയുള്ള വിവരം സത്യസന്ധമായി അറിയാം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെ നബി ബരീറയെ വിളിച്ചു. അവരോട് നബി കാര്യം തിരക്കി. 'അങ്ങയെ സത്യവുമായി അയച്ചവൻ തന്നെയാണ സത്യം, ഞാൻ അവരിൽ ഒരുതെറ്റും കണ്ടിട്ടില്ല. അവർ വീട്ടുകാർക്കായി മാവ് കുഴക്കും. അതിനെ പറ്റി ശ്രദ്ധയില്ലാതെ ഉറങ്ങിപ്പോകും. ആട് വന്ന് അത് ഭക്ഷിക്കുകയും ചെയ്യും. ഈ ഒരു അശ്രദ്ധയല്ലാതെ വേറൊരു ചീത്ത കാര്യവും ഈ പെൺകുട്ടിയിൽനിന്നും ഞാൻ കണ്ടിട്ടില്ല' എന്ന് ബരീറഃ നബിയോട് പറഞ്ഞു.

തന്റെ ഭാര്യയെ ആക്ഷേപിക്കുകവഴി തന്നെ അപകീർത്തിപ്പെടുത്താനും മോശക്കാരനാക്കാനും അബ്ദുല്ലാഹ് ശ്രമിക്കുകയാണെന്ന് നബിക്ക് മനസ്സിലായി. അങ്ങനെ ഒരുദിവസം നബി പള്ളിയിലേക്ക് പ്രവേശിച്ചു. എന്നിട്ട് മിമ്പറിൽ കയറി. എന്റെ ഭാര്യയുടെ പേരിൽ ഇത്രയധികം എന്നെ വേദനിപ്പിച്ച ഈ ദുഷ്ടന്റെ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ കെൽപുള്ള ആരുണ്ട് നിങ്ങളുടെ കൂട്ടത്തിൽ എന്ന് അവിടെ കൂടിയ വിശ്വാസികളോട് നബി ചോദിച്ചു. 'എന്റെ ഭാര്യയെക്കുറിച്ച് എനിക്ക് നല്ലതേ പരിചയമുള്ളൂ. അതുപോലെ അവർ ഒരാളെ ബന്ധപ്പെടുത്തിയും പറയുന്നുണ്ടല്ലോ-സ്വഫ്വാൻ. അദ്ദേഹത്തെപ്പറ്റിയും എനിക്ക് നല്ലതേ പരിചയമുള്ളൂ. ഞാനില്ലാതെ അദ്ദേഹം എന്റെ വീട്ടിൽ പ്രവേശിക്കുന്ന ആളുമല്ല' നബി ഇരുവരെയും മഹത്ത്വപ്പെടുത്തി.

അബ്ദുല്ലാഹ് ആഗ്രഹിച്ചതുപോലെ ചില കാര്യങ്ങൾ അവിടെ നടക്കാൻ പോകുകയാണ്. അവൻ ആഗ്രഹിക്കുന്നത് ഈ സംഭവത്തിന്റെ പേരിൽ ഔസും ഖസ്റജും പരസ്പരം പോരടിക്കണമെന്നാണ്. അങ്ങനെ പരസ്പരം കലഹിച്ച് മുസ്‌ലിംകളുടെ സംഘശക്തി ഇല്ലാതാക്കണം. ഇത് കണക്കുകൂട്ടിയാണ് ഈ അപവാദം അവൻ അഴിച്ചുവിട്ടത്. അവൻ ഉദ്ദേശിച്ചത് പോലെത്തന്നെ സ്വഹാബിമാരിലെ രണ്ട് ഗോത്ര നേതാക്കൾ പരസ്പരം വാക്കേറ്റം നടക്കുന്നു; അതും അല്ലാഹുവിന്റെ റസൂലിന്റെ മുമ്പിൽ! എന്നാൽ നബി അവരെ നിശ്ശബ്ദരാക്കി. മുസ്‌ലിംകൾ പരസ്പരം ഇപ്രകാരം പെരുമാറരുതല്ലോ. അങ്ങനെ അബ്ദുല്ലയുടെ സ്വപ്നം പൂവണിഞ്ഞില്ല. എല്ലാവരും റസൂലിന്റെ ഉപദേശം കേട്ട് നിശ്ശബ്ദരാകുകയും ആ തർക്കം അവിടെ അവസാനിക്കുകയും ചെയ്തു.

ആഇശ ആ ദിവസങ്ങളിലെല്ലാം കണ്ണുനീർ തോരാതെ, ഉറക്കമില്ലാതെ കരഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. മകളുടെ കരൾ പൊട്ടിപ്പോകുമോ എന്ന് പോലും മാതാപിതാക്കൾ ഭയപ്പെട്ടു. അങ്ങനെയിരിക്കവെ അൻസ്വാറുകളിൽ പെട്ട ഒരു വനിത അങ്ങോട്ടു ചെന്നു. ആഇശ സങ്കടപ്പെട്ട്


കരയുന്നത് കണ്ട് അവരും കരഞ്ഞുപോയി.

ഈ സന്ദർഭത്തിലാണ് അല്ലാഹുവിന്റെ റസൂൽﷺ അവരുടെ അടുത്തേക്ക് കയറിച്ചെല്ലുന്നത്. ഈ വാർത്ത പ്രചരിക്കാൻ തുടങ്ങിയതിന് ശേഷം ഒരു മാസക്കാലമായിട്ട് ആദ്യമായിട്ടാണ് നബിﷺ ആഇശؓയുടെ അടുത്തേക്ക് വരുന്നത്. എന്നിട്ട് ആഇശؓയെ വിളിച്ചുകൊണ്ട് പറഞ്ഞു: “നിന്നെപ്പറ്റിയുള്ള ചില വാർത്തകൾ എനിക്ക് ലഭിക്കുകയുണ്ടായി. അതിൽ നീ നിരപരാധിയാണെങ്കിൽ അല്ലാഹു നിന്നെ കുറ്റവിമുക്തമാക്കുന്നതാണ്. അതല്ല, നിന്റെ അടുത്ത് വല്ല വീഴ്ചയും സംഭവിച്ചിട്ടുണ്ടെങ്കിൽ നീ അല്ലാഹുവിനോട് പാപമോചനം തേടുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക. കാരണം, ഒരു നല്ല അടിമ തന്റെ പാപത്തെക്കുറിച്ച് മനസ്സിലാക്കുകയും എന്നിട്ട് അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്താൽ അവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്.” നബിﷺയുടെ ഈ സംസാരം കൂടെ കേട്ടപ്പോൾ ആഇശؓക്ക് കൂടുതൽ വേദനയായി. കരയാൻ കണ്ണുനീർ ഇല്ലാതെയായി. അല്ലാഹുവിന്റെ റസൂൽﷺ ഇപ്പോഴും തന്നെ സംശയിക്കുകയാണോ എന്ന് അവർക്ക് തോന്നി. യാതൊരു മറുപടിയും പറയാൻ സാധിക്കാത്ത അവസ്ഥയിലായി അവർ. ആഇശؓ തന്റെ പിതാവായ അബൂബക്റിؓനോട് അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞതിന് മറുപടി നൽകാൻ ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലിﷺന് എന്താണ് മറുപടി നൽകേണ്ടത് എന്ന് എനിക്ക് അറിയില്ല മോളേ.’ അപ്പോൾ ആഇശؓ തന്റെ മാതാവിനോട് മറുപടി നൽകാൻ പറഞ്ഞു. അവരും പിതാവ് പ്രതികരിച്ചതുപോലെ പ്രതികരിച്ചു. ഈ കള്ളവാർത്ത നിങ്ങളും കേട്ടിട്ടുണ്ടെന്നും അത് ഒരു അളവോളം ശരിയാണ് എന്ന് നിങ്ങൾ വിചാരിക്കുകയും അത് നിങ്ങളുടെ മനസ്സിൽ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു എന്ന് ആഇശؓ നബിﷺയോട് ഗദ്ഗദത്തോടെ പറഞ്ഞു.

ക്ഷമയോടെ ആഇശؓ അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടിരുന്നു. അല്ലാഹു തന്റെ നിരപരാധിത്തം തെളിയിക്കുന്നതാണ് എന്ന കാര്യത്തിൽ അവർക്ക് നല്ല പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ അന്ത്യനാൾ വരെ പാരായണം ചെയ്യപ്പെടുന്ന സൂക്തങ്ങൾ ഈ വിഷയത്തിൽ ഇറക്കപ്പെടുമെന്ന് അവർ വിചാരിച്ചിരുന്നില്ല. നബിﷺക്ക് സ്വപ്നത്തിലൂടെയോ മറ്റോ തന്റെ നിരപരാധിത്തം അല്ലാഹു അറിയിച്ചുകൊടുക്കുമെന്നായിരുന്നു അവർ കണക്കുകൂട്ടിയിരുന്നത്.

അങ്ങനെയിരിക്കെ നബിﷺക്ക് സാധാരണ വഹ്‌യ് വരുന്നതിന്റെ ചില അടയാളങ്ങൾ കണ്ടുതുടങ്ങി. അവിടുന്ന് വിയർക്കുന്നു. അതിശൈത്യ സമയത്ത് പോലും വഹ്‌യ് ഇറങ്ങുമ്പോൾ ആ വിയർപ്പ് അവിടുത്തേക്ക് ഉണ്ടാകുമായിരുന്നു. വഹ്‌യിന്റെ സമയം കഴിഞ്ഞാൽ സാധാരണ നിലയിലേക്ക് അവിടുന്ന് മാറുകയും ചെയ്യും.

വഹ്‌യ് വന്ന സന്തോഷത്തിൽ ആദ്യമായി പ്രിയ പത്നി ആഇശؓയെ വിളിച്ചുകൊണ്ട് നബിﷺ പറഞ്ഞു: ‘ആഇശാ, നിന്റെ നിരപരാധിത്വം തെളിയിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു ആയത്തുകൾ ഇറക്കിയിരിക്കുന്നു.’ ഇത് കേട്ടപ്പോൾ ഉമ്മ പറഞ്ഞു: ‘മോളേ, റസൂലിന്റെ അടുത്തേക്ക് ചെല്ലുകയും അവിടുത്തോട് നന്ദി പറയുകയും ചെയ്തേക്ക്.’ ‘ഞാൻ അല്ലാഹുവിനെയാണ് സ്തുതിക്കുന്നത്. അവനോടാണ് ഞാൻ നന്ദി പറയുന്നത്’ എന്നായിരുന്നു ആഇശؓയുടെ പ്രതികരണം. അല്ലാഹുവാണല്ലോ നിരപരാധിത്വം തെളിയിച്ചത്. തുടർന്ന് ഈ വിഷയത്തിൽ പത്തിലധികം ആയത്തുകൾ ഇറങ്ങുകയായി.



പ്രവാചകനെയും കുടുംബത്തിനെയും അപകീർത്തിപ്പെടുത്താനായുള്ള ശ്രമം അതോടെ പൊളിഞ്ഞു. ആഇശ﵅യുടെയും സ്വഫ്‌വാനി﵁ന്റെയും നിരപരാധിത്വം തെളിയിക്കപ്പെടുകയും അവരുടെ മഹത്വം ക്വുർആനിലെ നിത്യസൂക്തവചനങ്ങളിലൂടെ വ്യക്തമാക്കപ്പെടുകയും ചെയ്തു. അബ്ദുല്ലാഹ് ഇബ്നു ഉബയ്യാണല്ലോ ഈ കള്ളത്തരത്തിന് നേതൃത്വം നൽകിയത്. അവന്ന് പരലോകത്ത് വമ്പിച്ച ശിക്ഷ അല്ലാഹു നൽകുന്നതാണെന്നും അവനെ പിന്തുടർന്ന് അത് പ്രചരിപ്പിച്ച അവന്റെ ആളുകൾക്കും ശിക്ഷയുടെ ഒരു ഓഹരി നൽകുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്തു. അവർ അപവാദം പ്രചരിപ്പിച്ചപ്പോൾ ചില സ്വഹാബിമാരും അറിയാതെ അതിൽ പെട്ടുപോയി. വ്യഭിചാരാരോപണം നടത്തി എന്ന കാരണത്താൽ ഇവർക്ക് എൺപത് അടി വീതം നൽകാൻ ശിക്ഷ വിധിച്ചു. ചുരുക്കത്തിൽ, ആ അപവാദ പ്രചാരണത്തിൽ പങ്കാളികളായവർക്കെല്ലാം അവരർഹിച്ച ശിക്ഷ കിട്ടി.

ഒരാളുടെ പേരിൽ വ്യഭിചാരക്കുറ്റം ആരോപിക്കുന്നവർ നാല് സാക്ഷികളെ ഹാജറാക്കേണ്ടതുണ്ട്. സാക്ഷികൾ ഇല്ലാത്ത പക്ഷം അങ്ങനെ പറഞ്ഞവർക്ക് എൺപത് അടിയാണ് ഇസ്‌ലാമിലെ ശിക്ഷാ നിയമം. അതിനാൽ യാതൊരു തെളിവും ഇല്ലാതെ ഇത്തരം കാര്യം പറയുന്നത് വമ്പിച്ച അപരാധം തന്നെയാണ്. വ്യക്തികളെ അപമാനപ്പെടുത്തുന്ന കടുത്ത അപരാധമാണ് ഈ ആരോപണം എന്നതിനാലാണ് സാക്ഷികൾ വേണമെന്ന നിബന്ധനവെച്ചിട്ടുള്ളതും തെളിവില്ലാതെ ആരോപണം ഉന്നയിച്ചവർക്ക് ശിക്ഷ വിധിച്ചിട്ടുള്ളതും.

ഒരു മാസത്തിലധികം ഈ വിഷയത്തിന്റെ നിജസ്ഥിതിയറിയാതെ നബി ﷺ കഴിച്ചുകൂട്ടി. ഇതിലെ തീരുമാനം അറിയിച്ച് വഹ്‌യ് വന്നിരുന്നെങ്കിൽ എന്ന് നബി ﷺ ചിന്തിച്ചിട്ടുണ്ടാകുമല്ലോ. വഹ്‌യ് എന്നത് പ്രവാചകന്മാർ ഇച്ഛിക്കുമ്പോൾ ലഭിക്കുന്ന ഒന്നല്ല. അത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ മാത്രമെ പ്രവാചകന്മാർക്ക് നൽകൂ എന്നതും ഇതിലൂടെ നമുക്ക് മനസ്സിലാക്കാം.

ബനുൽ മുസ്ത്വലക് യുദ്ധം കഴിഞ്ഞ് മുസ്‌ലിംകൾ മദീനയിലെത്തി. ഈ യുദ്ധത്തിന് മുസ്‌ലിംകൾ വലിയ സാഹസമൊന്നും ചെയ്തിട്ടില്ലായിരുന്നു. ഒരു വലിയ പോരാട്ടമൊന്നും നടക്കാതെ തന്നെ ധാരാളം ഗനീമത്ത് സ്വത്തുക്കളും ബന്ദികളെയും ലഭിച്ചു. അങ്ങനെ ബന്ദികളെ വിഹിതം വെച്ചപ്പോൾ ഥാബിത് ഇബ്നു ക്വയ്സി﵁ന് ലഭിച്ചത് ഒരു അടിമ സ്ത്രീയായ ജുവയ്‌രിയയെ ആയിരുന്നു. ബനുൽ മുസ്ത്വലക് ഗോത്രത്തലവനായ ഹാരിഥിന്റെ മകളാണ് ജുവയ്‌രിയ. അവർ ഥാബിതി﵁നോട് തന്നെ സ്വതന്ത്രയാക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം അതിന് വമ്പിച്ച തുക നൽകണമെന്ന് അവരോടു പറഞ്ഞു. അവരുടെ കൈവശം സ്വത്തായിട്ട് ഒന്നും ഇല്ല താനും. അവർ നബി ﷺ യെ സമീപിച്ചു. ഞാൻ ഒരു അടിമയായി കഴിയാൻ ഉദ്ദേശിക്കുന്നില്ലെന്നും എനിക്ക് സ്വതന്ത്രയാകണമെന്നും ഥാബിതിന് മോചന മൂല്യം നൽകാൻ സഹായിക്കണമെന്നും, പിന്നീട് നിങ്ങൾക്ക് ആ തുക തിരികെ നൽകുന്നതാണെന്നും പറഞ്ഞു. നബി ﷺ അത് സ്വീകരിച്ചു. അതിന്റെ കൂടെ നിങ്ങൾക്ക് സമ്മതമാണെങ്കിൽ ഞാൻ വിവാഹം ചെയ്യാൻ തയ്യാറാണെന്നും നബി ﷺ അവരെ അറിയിച്ചു.

ഒരു ഗോത്രത്തലവന്റെ മകളാണല്ലോ ജുവയ്‌രിയ﵅. മഹ്‌റായി അവരുടെ മോചനമായിരുന്നു നിശ്ചയിച്ചിരുന്നത്. ഈ വിവരം പിതാവ് ഹാരിഥ് അറിഞ്ഞു. അദ്ദേഹം അന്ന് ഇസ്‌ലാം സ്വീകരിച്ചിട്ടില്ലായിരുന്നു. നബി ﷺ യെ സമീപിച്ച് മകളെ വിട്ടയക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. പിതാവിന്റെ മുമ്പിൽ വെച്ച് ജുവയ്‌രിയ﵅യോട് നബി ﷺ പറഞ്ഞു: 'നിനക്ക് പിതാവിന്റെ കൂടെ പോകാനും എന്റെ കൂടെ നിൽക്കാനും ഞാൻ സ്വാതന്ത്ര്യം തരുന്നു. ഇഷ്ടമുള്ളത് സ്വീകരിക്കാം.' എന്നാൽ മഹതി നബി ﷺ യുടെ കൂടെ നിൽക്കാനാണ് തീരുമാനിച്ചത്. ഇത് കണ്ട പിതാവ് അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ മനസ്സും അലിഞ്ഞു. അങ്ങനെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. അതിനെ തുടർന്ന് ആ ഗോത്രക്കാർ മുഴുവനും ഇസ്‌ലാമിലേക്ക് വരികയും ചെയ്തു.

നബി ﷺ യുടെ കുടുംബത്തിലെ ആളുകളെ ഇനി നാം ബന്ദികളായി വെക്കുന്നത് ശരിയല്ലല്ലോ എന്ന് സ്വഹാബിമാർക്ക് തോന്നി. അങ്ങനെ തങ്ങൾക്ക് ലഭിച്ച ബന്ദികളായ സ്ത്രീപുരുഷന്മാരെ മുഴുവനും അവർ സ്വതന്ത്രരാക്കി വിട്ടയക്കുകയും ചെയ്തു. ഇത് ഹാരിഥിന്റെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. ഈ ചരിത്രം വിവരിക്കുമ്പോൾ പണ്ഡിതന്മാർ പറയുന്നത്; ഇതുപോലെ ബറകതുള്ള ഒരു പെണ്ണും ഒരു ഗോത്രത്തിനും ഉണ്ടായിട്ടുണ്ടാകില്ല എന്നാണ്.

ആ നാട്ടിലുള്ളവർ മുഴുവനും ഇസ്‌ലാം സ്വീകരിച്ചതിനാൽ നബി ﷺ ക്ക് ഇസ്‌ലാമിക പ്രബോധന വീഥിയിൽ അത് വലിയ മുന്നേറ്റത്തിന് കാരണമാകുകയും ചെയ്തു.

അബൂ തൻവീൽ
mail@nerpatham.com

ലേഖനം

# Be SMART, STRONG & SAFE

## തളരാതിരിക്കാൻ!

വിശുദ്ധ ക്വുർആനിലെ പല വചനങ്ങളും കേൾക്കുമ്പോൾ ഇത് എന്നെക്കുറിച്ചാണ്, അതല്ലെങ്കിൽ ഇതെന്റെ വിഷയമാണ്, എന്റെ പ്രശ്നത്തിനുള്ള പരിഹാരമാണ് എന്നൊക്കെ പലപ്പോഴും നമുക്ക് തോന്നാറുണ്ട്. മനുഷ്യമനസ്സിന്റെ സൃഷ്ടികർത്താവായ അല്ലാഹു മനുഷ്യ മനസ്സുകളോട് സംസാരിക്കുന്നതാണ് വിശുദ്ധ ക്വുർആനിലെ വചനങ്ങൾ. അതുകൊണ്ട്തന്നെ അത് ശിഫാഅ് (ശമനം) ആയിരിക്കണമല്ലോ.

അത് പതിത മനസ്സുകൾക്ക് ആത്മധൈര്യം ലഭിക്കും. കാർമേഘങ്ങൾ ഒഴിയും, മുന്നോട്ട് ഗമിക്കാനുള്ള കരുത്ത് പകരും.

നിർവചനങ്ങൾക്ക് ഇടം കൊടുക്കാത്ത ഒരു വലിയ സമസ്യയാണ് മനസ്സ്. കടുത്ത പരീക്ഷണങ്ങൾക്ക് വിധേയമാകേണ്ടിവന്ന ഒരുപാടുപേരുടെ കഥകൾ നാം കേട്ടിട്ടുണ്ട്. പലപ്പോഴും പ്രതീക്ഷയുടെ ഒരു ചെറിയ കണിക മാത്രമാണ് അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ പ്രാപ്തമാക്കിയത് എന്നത് നമ്മെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ജീവിതത്തിൽ ഒട്ടും പ്രതീക്ഷിക്കാത്ത ചില അനുഭവങ്ങളിൽ ആപതിക്കുമ്പോൾ തകർന്നുപോയ ജീവിതങ്ങളെക്കുറിച്ചും നാം കേട്ടിട്ടുണ്ട്

കഴിഞ്ഞ ഒന്നര വർഷത്തിലധികമായി ലോകമെമ്പാടും പടർന്നു കയറിയ കോവിഡ് മഹാമാരിയിലും മാനസികമായി നേരിട്ട വെല്ലുവിളികൾ തന്നെയായിരുന്നു പ്രധാന വില്ലൻ എന്നത് ഒരു വസ്തുത തന്നെയാണ്. ഇവിടെ വിശ്വാസികൾക്ക് വലിയ ആശ്വാസത്തിന് വകയുണ്ട്. ജീവിതത്തിന്റെ അവസ്ഥകൾ എന്തുമാകട്ടെ 'തളരുരുതേ' എന്നാണ് വിശുദ്ധ ക്വുർആൻ നമ്മോട് പറയുന്നത്.

"നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതന്മാർ" (ക്വുർആൻ 3:139).

ഈ സൂക്തത്തിന്റെ പ്രസക്തി മനസ്സിലാകണമെങ്കിൽ ഇത് ഏത് സന്ദർഭത്തിലാണ് അവതരിപ്പിക്കപ്പെട്ടത് എന്ന പരിശോധന ആവശ്യമാണ്.

ഒരു ദശാബ്ദത്തിലേറെ കാലം പ്രവാചകനും ﷺ അനുചരന്മാരും പ്രയാസങ്ങൾക്കുമേൽ പ്രയാസം സഹിച്ച് മക്കയിൽ ജീവിച്ചു. ഒടുക്കം എല്ലാം ത്യജിച്ച് തങ്ങൾക്ക് വ്യക്തമായി ബോധ്യപ്പെട്ട സത്യസന്ദേശമനുസരിച്ച് ജീവിക്കുന്നതിന് വേണ്ടി പലായനം ചെയ്യേണ്ടിവന്നു. പിന്നെയും പിന്നെയും ഉപദ്രവങ്ങൾ... അങ്ങനെ ആദ്യമായി പ്രതിരോധത്തിന് അനുമതി ലഭിച്ചു. ബദ്റിൽ ശത്രുക്കളുമായി ഏറ്റുമുട്ടി വിജയം കൈവരിച്ചു.


അങ്ങനെ ജീവിതത്തിൽ ഒരു നേരിയ പ്രതീക്ഷയും അൽപം ആശ്വാസവും കിട്ടിത്തുടങ്ങുമ്പോഴാണ് ഉഹ്ദിൽ ഏറ്റുമുട്ടേണ്ടിവന്നത്. ബദ്റിൽ തങ്ങൾക്കേറ്റ അപമാനത്തിന് പ്രതികാരമായി സർവസന്നാഹങ്ങളോടുകൂടി തയ്യാറായി വന്ന ശത്രുസൈന്യത്തിന്റെ ആക്രമണം തടയാൻ പ്രവാചകൻ ﷺ ആസൂത്രണം ചെയ്ത സംവിധാനത്തിൽ ഏതാനും ചിലരുടെ ശ്രദ്ധക്കുറവ് കൊണ്ട് വലിയ നഷ്ടമുണ്ടാകാൻ ഇടവന്നു. പല പ്രമുഖരും വധിക്കപ്പെട്ടു. പ്രവാചകന് ﷺ പോലും പരിക്കേറ്റു.

ഒരു താക്കീതായിക്കൊണ്ടും അനുസരണക്കേടിന്റെ ആഴം മനസ്സിലാക്കിക്കൊടുക്കാനും ഈ യുദ്ധത്തിൽ അല്ലാഹു വിശ്വാസികൾക്ക് പരാജയം അനുഭവിപ്പിക്കുന്നു.

ഈ സന്ദർഭത്തിലാണ് 'നിങ്ങൾ ദുർബലരാവരുത്, ദുഃഖിക്കരുത്, വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതർ' എന്ന പ്രഖ്യാപനം വരുന്നത്.

ഒരു വിശ്വാസിക്ക് ഏതു തരത്തിലുള്ള പരീക്ഷണങ്ങൾ വന്നാലും അത് അവന്ന് നന്മയായി ഭവിക്കും എന്ന അചഞ്ചലമായ വിശ്വാസംകൊണ്ട് ഏത് പ്രതിസന്ധിയിലും പിടിച്ചുനിൽക്കാനും എന്തിനെയും പ്രതിരോധിക്കാനും സാധിക്കും. അതിനർഥം വിശ്വാസികൾക്ക് ഒരു ബുദ്ധിമുട്ടും ദുഃഖവും വരില്ല എന്നല്ല.

പ്രവാചകൻ ﷺ പറഞ്ഞു: 'സത്യവിശ്വാസിയുടെ കാര്യം അത്ഭുതകരമാണ്. അവന്റെ എല്ലാ കാര്യങ്ങളും നന്മയാണ്. ഇത് സത്യവിശ്വാസിക്കല്ലാതെ ഇല്ല. അവനൊരു നന്മ ബാധിച്ചാൽ അവൻ നന്ദി കാണിക്കും, അത് അവന് നന്മയായിത്തീരും. ഇനി അതല്ല അവനൊരു പ്രയാസം ഉണ്ടായാൽ അവനതിൽ ക്ഷമിക്കും, അതും അവന് നന്മയായി ഭവിക്കും" (സ്വഹീഹു മുസ്‌ലിം 2999).



മനുഷ്യർ ഭയം, പട്ടിണി, രോഗം, ആകുലത... തുടങ്ങി പലവിധ പരീക്ഷണങ്ങൾക്ക് വിധേയരാണ് എക്കാലത്തും. ചിലപ്പോൾ ചില കാലങ്ങളിൽ ചില ദേശങ്ങളിൽ ഇവയിൽ ചിലതിന് മുൻതൂക്കമുണ്ടായി എന്നു വരാം.

ഇന്ന് നാം വായിക്കുന്നതും കേൾക്കുന്നതും നിർഭയത്വം നഷ്ടപ്പെടുത്തുന്ന വാർത്തകൾ മാത്രമായിത്തീർന്നിരിക്കുന്നു എന്ന അവസ്ഥയാണുള്ളത്. ശാസ്ത്ര, സാങ്കേതിക രംഗത്തെ അഭിവൃദ്ധിയുടെ അടയാളങ്ങളിലൊന്നായ ഇന്റർനെറ്റ് സംവിധാനവും സാമൂഹ്യമാധ്യമങ്ങളും ഭീതി പരത്തുന്നതിൽ ദുരുപയോഗപ്പെടുത്തപ്പെടുകയും ചെയ്യുന്നു. പലവിധ ഭയങ്ങളുടെയും ആശങ്കകളുടെയും ആവരണം ആധുനികമനുഷ്യനെ പൊതിഞ്ഞിരിക്കുന്നു!

എന്നാൽ ഒരു നാടും അതിലെ മുഴുവൻ സംവിധാനങ്ങളും ഒരു മനുഷ്യനെതിരെ തിരിയുകയും അദ്ദേഹത്തെ കരിച്ചുകളയാൻ വേണ്ടി മാത്രം ഭീമൻ തീകുണ്ഠാരം തയ്യാറാക്കുകയും ചെയ്ത സംഭവം ക്വുർആൻ വിവരിക്കുന്നുണ്ട്. ഇബ്‌റാഹീം(അ) എന്ന മഹാനായ പ്രവാചകനാണ് അക്ഷരാർഥത്തിൽ അഗ്നിപരീക്ഷണത്തിന് വിധേയമായത്. അദ്ദേഹത്തെ തീജ്വാലകളിലേക്ക് എടുത്തെറിയുന്ന നേരത്ത് ഉറക്കെ പറഞ്ഞത് 'എനിക്ക് അല്ലാഹു മതി' എന്നായിരുന്നു. അല്ലാഹുവിൽ സമ്പൂർണമായി ഭരമേൽപിച്ച ആ പ്രവാചകനെ അല്ലാഹു ഒരു പോറൽ പോലുമില്ലാതെ രക്ഷപ്പെടുത്തി.

തങ്ങളുടെ പ്രയാസങ്ങളിൽ ഭരമേൽപിക്കുവാൻ ആ അല്ലാഹുവുണ്ട് എന്ന ചിന്ത വിശ്വാസികളുടെ മനസ്സിന് കരുത്തും നിർഭയത്വവും പകരുമെന്നതിൽ സംശയമില്ല.

"ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അത് അവരുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ." (ക്വുർആൻ 3:173)

ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിക്കുകയും എല്ലാം തീരുമാനിക്കുകയും എല്ലാറ്റിനും സാധിക്കുകയും ചെയ്യുന്ന പടച്ചവനിലുള്ള വിശ്വാസം മനുഷ്യനെ എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാനുതകുന്നവനാക്കുന്നു. കാരണം അത്തരം സന്ദർഭങ്ങളിൽ അവരുടെ ഈമാൻ അഥവാ വിശ്വാസം വർധിക്കുകയാണ് ചെയ്യുന്നത്. ഈ ഒരു ദൃഢവിശ്വാസത്തിലേക്ക് നാം എത്തേണ്ടതുണ്ട്. അതിന് സ്രഷ്ടാവിനെ ക്കുറിച്ച് മനസ്സിലാക്കേണ്ടതുപോലെ മനസ്സിലാക്കൽ അനിവാര്യമാണ്.

> **"മണ്ണിനടിയിൽ സുഷിരങ്ങളുണ്ടാക്കി അതിൽ വസിക്കുന്ന കുഞ്ഞുജീവികൾക്ക് പോലും ഒരു നേരത്തെ അന്നത്തിന്റെ കാര്യത്തിൽ വേവലാതിയില്ല. എന്നാൽ ജീവിതത്തിൽ എന്തിനുമേതിനും സർവവിധ സന്നാഹങ്ങളുമൊരുക്കി ജീവിക്കുന്ന മനുഷ്യന്റെ കാര്യമൊന്ന് നോക്കൂ! അവന് ടെൻഷനൊഴിഞ്ഞ നിമിഷങ്ങളില്ല. തനിക്ക് കിട്ടിയ അനുഗ്രഹങ്ങളെക്കുറിച്ച് ഒന്ന് ഓർക്കുവാനും സമാധാനിക്കുവാനും അവന് സമയമില്ല. ഇനിയും എനിക്കെന്ത് കിട്ടും എന്ന ത്വരയും ചിന്തയുമാണ് അവനെ അടക്കിഭരിക്കുന്നത്."**

മണ്ണിനടിയിൽ സുഷിരങ്ങളുണ്ടാക്കി അതിൽ വസിക്കുന്ന കുഞ്ഞുജീവികൾക്ക് പോലും ഒരു നേരത്തെ അന്നത്തിന്റെ കാര്യത്തിൽ വേവലാതിയില്ല. എന്നാൽ ജീവിതത്തിൽ എന്തിനുമേതിനും സർവവിധ സന്നാഹങ്ങളുമൊരുക്കി ജീവിക്കുന്ന മനുഷ്യന്റെ കാര്യമൊന്ന് നോക്കൂ! അവന് ടെൻഷനൊഴിഞ്ഞ നിമിഷങ്ങളില്ല. തനിക്ക് കിട്ടിയ അനുഗ്രഹങ്ങളെക്കുറിച്ച് ഒന്ന് ഓർക്കുവാനും സമാധാനിക്കുവാനും അവന് സമയമില്ല. ഇനിയും എനിക്കെന്ത് കിട്ടും എന്ന ത്വരയും ചിന്തയുമാണ് അവനെ അടക്കിഭരിക്കുന്നത്.

ആശിച്ചതെല്ലാം നേടിയ ആരും മനുഷ്യർക്കിടയിൽ ഉണ്ടാകില്ല. എന്നാൽ കുറെ നേടിയെടുത്തവർക്ക് പറയാനുണ്ടാവുക 'ഇതൊക്കെ എന്തിനായിരുന്നു' എന്നായിരിക്കും! അല്ലെങ്കിൽ അവർ പറയുക; ഇനിയും ഒരുപാട് നേടണം, ഇതൊന്നും വലിയ നേട്ടമല്ല' എന്നായിരിക്കും.

ഉബയ്യ്ബ്നു കഅബ്(റ) നിവേദനം; പ്രവാചകൻ(സ) പറഞ്ഞു: "...സമ്പാദ്യത്തിന്റെ ഒരു താഴ്‌വര തന്നെ ആദമിന്റെ സന്തതിക്ക് ഉണ്ടായിരുന്നാലും അവൻ രണ്ടാമതും മൂന്നാമതും അത് ആഗ്രഹിക്കും. മണ്ണല്ലാതെ അവന്റെ വയറ് നിറക്കുകയില്ല" (തിർമുദി: 3898).

സുലൈമാൻ പെരുമുക്ക്
mail@nerpatham.com

കവിത



# മർമം

പശു
പതിവില്ലാതെ
'കാടി'തട്ടിമറിച്ച്
കളഞ്ഞപ്പോൾ
നമ്പൂരിക്ക്
കുന്നോളം
കലിപ്പുകയറി.
അപ്പോഴാണ്
അപ്പുറത്തുനിൽക്കുന്ന
അയൽക്കാരൻ
വടിയെടുത്തൊന്നു
കൊടുക്കാൻ പറഞ്ഞത്.
നമ്പൂരി
വടിയെടുത്ത്
അടിക്കാനോങ്ങിയപ്പോൾ
കണ്ടതൊക്കെ
മർമങ്ങളാണ്.
പാവം നമ്പൂരി
വടിയൊടിച്ച്
വലിച്ചെറിഞ്ഞു
പോയപ്പോൾ
പശു മനസ്സിൽ പറഞ്ഞു;
എനിക്ക് ഇന്നിവിടെ
അധികാരമുണ്ടെന്ന്!
പശുവിനോടുള്ള
പ്രതിഷേധം
കവിതയായെഴുതാൻ
നമ്പൂരി
തൂലികയെടുത്തപ്പോൾ
മനസ്സിൽ തെളിഞ്ഞ
വരികളിൽ കണ്ടതും
മർമ്മങ്ങളാണ്!
അങ്ങനെ
പ്രതിഷേധവും
വേണ്ടന്നുവെച്ച്
പേന വലിച്ചെറിഞ്ഞപ്പോൾ
ചിരിച്ചു നിൽക്കുന്ന
മക്കളിലൊരാൾ
പൊട്ടിച്ചിരിച്ചു!
നമ്പൂരി
മക്കളുടെ മുഖത്ത്
വിവിധ വർണങ്ങളിലുള്ള
കൊടികളാണ് കണ്ടത്!
അവരിലൊരാളായ
'ഗോരക്ഷകനാണ്'
പൊട്ടിച്ചിരിച്ചത്!




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 NOVEMBER 27

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# പുറത്തിറങ്ങി...




WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |